# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P9/1673/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 03/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P9/1673/2023 തീയ്യതി: 03/11/2023

## കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2023 മുതൽ 30-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 20-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 20-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ ഐസക്ക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീമതി സിജാറാണി എസ്, ഓഡിറ്റ് ഓഫീസർ
3. ശ്രീ. അനീഷ് വി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.തുളസി എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. എം. എസ്. സുരേഷ് ബാബു | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. താഹി റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗ്രീഷ്മ ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവ് ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ കുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് കുമാർ എസ്. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ഡോ. പ്രീത നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. രശ്മി ജി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-12-2022 |
| ഡോ. അനീഷ് പി. ജോർജ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-01-2023 | 31-03-2023 |
| സൗമ്യ ബി നായർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മനോജ് ജോൺസൺ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 06-08-2022 |
| ഡോ. ബെന്നി സാമുവേൽ | സീനിയർ വെറ്ററിനറി സർജൻ | 06-08-2022 | 16-01-2023 |
| ഡോ. സജീന | സീനിയർ വെറ്ററിനറി സർജൻ | 16-01-2023 | 31-03-2023 |
| ശ്രീമതി ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 25-09-2022 |
| ശ്രീമതി. ബ്ലസ്സി ജോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-09-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-03 |
| 5 | വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-04 |
| 6 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല. | 1-1-05 |
| 7 | ലൈഫ് ഭവനപദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം ക്രമീകരിച്ചത് തെറ്റായിട്ടാണ്. | 1-1-06 |
| 8 | സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-07 |
| 9 | ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-08 |
| 10 | ബാധ്യതാ ഹെഡിൽ വരവ് ഉൾപ്പെടുത്തിയിട്ടില്ല. | 1-1-09 |
| 11 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല. | 1-1-11 |
| 13 | സ്ഥിരനിക്ഷേപം അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ലൈഫ് സ്റ്റേറ്റ് ഷെയറിന്റെ ചെലവ് കൃത്യമല്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു. | 1-11 |
| 25 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-12 |
| 26 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ | 1-13 |

| | | |
|---|---|---|
| | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. | |
| 27 | തൊഴിൽ നികുതി | 1-14 |
| 28 | ലേലം ഇനത്തിൽ 6.7 ലക്ഷം രൂപ കുടിശ്ശിക. | 1-15 |
| 29 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-16 |
| 30 | പദ്ധതി പൂർണ്ണമായും നടപ്പിലാക്കാതെ ബിൽ തുക അനുവദിച്ചു. | 1-17 |
| 31 | 6,236/- രൂപ ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു. | 1-18 |
| 32 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - സ്പെസിഫിക്കേഷൻ പാലിച്ചില്ല. | 1-19 |
| 33 | പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച 3,01,513/- രൂപയിൽ 2,31,421/- രൂപ അലോട്ട്മെന്റ് ലഭിക്കാത്ത മറ്റ് ഇൻവോയ്സുകൾ പ്രകാരം പേയ്മെന്റ് നടത്തി. | 1-20 |
| 34 | 40,000/- രൂപയുടെ അഡ്വാൻസ് ക്രമീകരണ വൗച്ചർ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 35 | 3,71,106/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 36 | 26,80,508/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം 2,000/- രൂപ വികസന ഫണ്ട് (ജനറൽ)-നിന്നും അധികം പിൻവലിച്ചു. | 1-24 |
| 38 | വികസനഫണ്ടിൽ നിന്നും അധികം ചെലവ് നടത്തി. | 1-25 |
| 39 | ചെലവഴിക്കാത്ത ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കിയിട്ടില്ല. ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-26 |
| 40 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - 2,03,525/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 41 | ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. | 1-28 |
| 42 | കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തീകരിച്ചില്ല. 23,680/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 43 | ഇ-ടെണ്ടർ ഫാറവില | 1-30 |
| 44 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - സമയബന്ധിതമായി പൂർത്തീകരിക്കണം. | 1-31 |
| 45 | തനത് വരുമാനം - അവലോകനം | 1-32 |
| 46 | ഹരിതകർമ്മ സേന – പ്രവർത്തനാവലോകനം | 1-33 |
| 47 | സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വികസനഫണ്ടിൽ നിന്നും അധിക ചെലവ് നടത്തി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 09-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 29.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase/decrease In Cash And Cash Equivalents" 12,61,664/- രൂപയും Net Cash Generated By Operating + Investing + Financing Activity – 6,23,79,414/-രൂപയും ആണ്. മേൽ തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാവുന്നില്ല.

### 1-1-03 വാർഷിക കണക്കിലെ തുകകളും വരവ് രേഖകൾ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വസ്തു നികുതി, ഡിമാന്റ് കളക്ഷൻ ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-04 വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1. വികസന ഫണ്ട് – ജനറൽ - പ്രോജക്ട് നം – 298/23 പ്രകാരം 5,70,201/-രൂപ ലൈഫ് ലോൺ തിരിച്ചടവിന്

സ്രോതസ്സിൽ നിന്നും നേരിട്ട് ചെലവഴിച്ചുവെന്ന് കണക്കാക്കി സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം സർക്കാർ തുക കുറവ് വരുത്തി KURDFC-യ്ക്ക് നൽകിയിട്ടില്ല.

2. വികസന ഫണ്ട് – എസ്.സി.പി വിഹിതത്തിൽ 2021-22 ൽ അനുവദിച്ചതും ചെലവഴിക്കപ്പെടാത്തതുമായ 20 ശതമാനത്തിന് മുകളിലുള്ള ഷോർട്ട് ഫാൾ തുക 2,20,237/-രൂപ വികസനഫണ്ട് ജനറലിൽ നിന്നും എസ്.സി.പി. വിഹിതത്തിലേയ്ക്ക് സ.ഉ.(സാധാ) നം-1049/23/ധന-13-02-23 പ്രകാരം മാറ്റിയിട്ടുണ്ട്. എന്നാൽ ഈ വിഹിതം എസ്.സി.പി യിൽ നിന്നും പ്രോജക്ട് നം – 303/23 പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് എന്ന് സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു.

3. സ.ഉ.(സാധാ) നം-1049/23/ധന-13-02-23 പ്രകാരം എസ്.സി.പി. വിഹിതത്തിൽ നിന്നും 79,949/-രൂപ ലൈഫ് ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായി ചെലവ് വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവയിൽ വന്നിട്ടില്ല.

1-1-05 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല.

സി.എഫ്.സി ബേസിക് ഗ്രാന്റ്, റൈഡ് ഗ്രാന്റ് എന്നീ ഫണ്ടുകളുടെ ബാങ്ക് നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നുണ്ടെങ്കിലും 320200104, 320200113 എന്നീ ഹെഡുകളിൽ ചെലവ് ജേണൽ ചെയ്തിരിക്കുന്ന 34,63,828/-, 44,18,747/-രൂപ എന്നീ തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

1-1-06 ലൈഫ് ഭവനപദ്ധതിയ്ക്കുള്ള സംസ്ഥാന വിഹിതം ക്രമീകരിച്ചത് തെറ്റായിട്ടാണ്.

ലൈഫ് ലോൺ – സ്റ്റേറ്റ് വിഹിതമായി തൻവർഷം ലഭിച്ച 8,00,000/-രൂപയിൽ 5 ലക്ഷം രൂപ KURDFC വരവായി ഉൾപ്പെടുത്തിയാണ് ബാധ്യത ക്രമീകരിച്ചിരിക്കുന്നത്.

1-1-07 സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന പദ്ധതിയുടെ ലോണിനത്തിലും ഷോപ്പിംഗ് മാൾ നിർമ്മാണത്തിനുള്ള ലോണിനത്തിലും ഗ്രാമപഞ്ചായത്ത് യഥാർത്ഥത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയല്ല വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ലോൺ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നത്. 18,12,82,066/-രൂപ ലൈഫ് ലോണിനത്തിലും ഷോപ്പിംഗ് മാൾ നിർമ്മാണത്തിലുമുള്ള വായ്പാ കുടിശ്ശിക നിലവിലുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 17,63,45,172/-രൂപയാണ്.

1-1-08 ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

യൂണിയൻ ബാങ്ക് അക്കൗണ്ട് നം – 623702010008433-ൽ ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് 3,38,091/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 3,35,969/-രൂപയാണ്.

1-1-09 ബാധ്യതാ ഹെഡിൽ വരവ് ഉൾപ്പെടുത്തിയിട്ടില്ല.

സി.എഫ്.സി അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുള്ള 2,05,895/-രൂപ പലിശ വരവിൽ 1,40,346/-രൂപ മാത്രമാണ് ബാധ്യതാ അക്കൗണ്ടിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-10 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല.

ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-12 സ്ഥിരനിക്ഷേപം അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷം 33,70,161/-രൂപ സ്ഥിരനിക്ഷേപം ഗ്രാമപഞ്ചായത്തിന് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ മുൻബാക്കിയായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയിരിക്കുന്ന തുക 31,14,416/-രൂപയാണ്.

1-1-13 ലൈഫ് സ്റ്റേറ്റ് ഷെയറിന്റെ ചെലവ് കൃത്യമല്ല.

പ്രോജക്ട് നം 42/13 പ്രകാരം ലൈഫ് ലോണിനത്തിൽ നിന്നും ചെലവഴിച്ച 5,00,000/-രൂപയുടെ ചെലവ് സെക്യൂർഡ് ലോണിന്റെ ലയബിലിറ്റി ശീർഷകത്തിൽ നിന്നും കുറവ് ചെയ്യാതെ സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ലയബിലിറ്റി ശീർഷകമായ 320300199-ൽ നിന്നാണ് കുറവ് ചെയ്തിരിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലൈഫ് സ്റ്റേറ്റ് ഷെയറിന്റെ ബാധ്യത കൃത്യമല്ല.

## 1-2 ബജറ്റ്

21/03/2022 ന് നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച കരട് ബജറ്റിന്മേൽ ഭേദഗതികളോടെ 25-03-2022 ലെ 1/1 തീരുമാനപ്രകാരം അന്തിമ ബജറ്റിന് അംഗീകാരം നൽകി. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17-03-2023 ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,88,60,757/-രൂപ |
| വരവ് | 11,04,59,353/-രൂപ |
| ആകെ | 13,93,20,110/-രൂപ |
| ചെലവ് | 10,91,97,689/-രൂപ |
| നീക്കിയിരിപ്പ് | 3,01,22,421/-രൂപ |
| വരവ് നഷ്ടം | 0/- |
| നിരാകരിക്കുന്ന തുക | 32,940/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 34,45,559/-രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവ് ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതിനാൽ സാമ്പത്തിക അവലോകനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്കി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,04,29,763/- | 2,04,29,763/- | 1,90,20,838/- | 14,08,925/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,12,17,237/- | 1,12,17,237/- | 98,82,033/- | 13,35,204/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ട്രഷറി) | 0 | 9,56,260/- | 9,56,260/- | 9,47,139/- | 9,121/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്(ബാങ്ക്) | 21,366/- | 37,96,895/- | 38,18,261/- | 34,95,804/- | റിമാർക്ക്സ് ഉൾപ്പെടുത്തിയിരിക്കുന്നത് കാണുക |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ട്രഷറി) | 0 | 77,56,697/- | 77,56,697/- | 50,04,080/- | 27,52,617/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ്(ബാങ്ക്) | 41,04,644/- | 53,86,000/- | 94,90,644/- | 44,69,255/- | റിമാർക്ക്സ് ഉൾപ്പെടുത്തിയിരിക്കുന്നത് കാണുക |
| മെയിന്റനൻസ്, റോഡ് | 0 | 2,26,57,000/- | 2,26,57,000/- | 1,33,44,855/- | 93,12,145/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 85,20,000/- | 85,20,000/- | 45,58,966/- | 39,61,034/- |
| MNREGS | 107/- | 15,25,546/- | 15,25,653/- | 9,27,090/- | 5,98,563/- |
| റ്റി.എസ്.സി | 35,79,782/- | 0 | 35,79,782/- | 13,68,140/- | 22,11,642/- |

| | | | | | |
|---|---|---|---|---|---|
| ICDS | 5,29,678/- | 15,83,176/- | 21,12,854/- | 14,80,734/- | 6,32,120/- |
| ലൈബ്രറി ഗ്രാന്റ് | 35,590/- | 0 | 35,590/- | 0 | 35,590/- |
| ഹെൽത്ത് ഗ്രാന്റ്-Diagnostic Infra | 0 | 5,43,841/- | 5,43,841/- | 0 | 5,43,841/- |
| ഹെൽത്ത് ഗ്രാന്റ്-Conversion Of PHCs | 0 | 3,38,091/- | 3,38,091/- | 0 | 3,38,091/- |
| കുടിവെള്ള പദ്ധതി | 683/- | 0 | 683/- | 0 | 683/- |
| മറ്റ് പദ്ധതി | 89,678/- | 0 | 89,678/- | 0 | 89,678/- |
| ലൈഫ് സ്റ്റേറ്റ് വിഹിതം | 1,00,000/- | 8,00,000/- | 9,00,000/- | 6,00,000/- | 3,00,000/- |

1. വികസന ഫണ്ട്-ജനറൽ - പ്രോജക്ട് നം – 298/23 പ്രകാരം 5,70,201/-രൂപ ലൈഫ് ലോൺ തിരിച്ചടവിന് സ്രോതസ്സിൽ നിന്നും നേരിട്ട് ചെലവഴിച്ചുവെന്ന് കണക്കാക്കി സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം സർക്കാർ ടി തുക കുറവ് വരുത്തി KURDFC-യ്ക്ക് നൽകിയിട്ടില്ല.

2. വികസന ഫണ്ട് – എസ്.സി.പി വിഹിതത്തിൽ 2021-22 ൽ അനുവദിച്ചതും ചെലവഴിക്കപ്പെടാത്തതുമായ 20 ശതമാനത്തിന് മുകളിലുള്ള ഷോർട്ട് ഫാൾ തുക 2,20,237/-രൂപ വികസനഫണ്ട് ജനറലിൽ നിന്നും എസ്.സി.പി. വിഹിതത്തിലേയ്ക്ക് സ.ഉ.(സാധാ) നം-1049/23/ധന-13-02-23 പ്രകാരം മാറ്റിയിട്ടുണ്ട്. എന്നാൽ ടി വിഹിതം എസ്.സി.പി യിൽ നിന്നും പ്രോജക്ട് നം – 303/23 പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് എന്ന് സുലേഖ ചെലവ് പത്രിക, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു.

3. സ.ഉ.(സാധാ) നം-1049/23/ധന-13-02-23 പ്രകാരം എസ്.സി.പി. വിഹിതത്തിൽ നിന്നും 79,949/-രൂപ ലൈഫ് ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായി ചെലവ് വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവയിൽ വന്നിട്ടില്ല.

4. സി.എഫ്.സി ബേസിക് ഗ്രാന്റ്, റൈഡ് ഗ്രാന്റ് എന്നീ ഫണ്ടുകളുടെ ബാങ്ക് നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നുണ്ടെങ്കിലും 320200104, 320200113 എന്നീ ഹെഡുകളിൽ ചെലവ് ജേണൽ ചെയ്തിരിക്കുന്ന 34,63,828/-, 44,18,747/- എന്നീ തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സി.എഫ്.സി ബേസിക് ഗ്രാന്റിന്റെ ചെലവ് 34,95,804/-രൂപയും റൈഡ് ഫണ്ടിന്റെ ചെലവ് 44,69,255/-രൂപയും ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക RP-40(b) പ്രകാരം CFC നീക്കിയിരിപ്പ് 53,22,772/-രൂപയാണ്. ബാലൻസ് ഷീറ്റ് B4 പത്രികയിൽ ബേസിക് ഗ്രാന്റ് 2,88,884/-രൂപയും റൈഡ് ഫണ്ട് 50,71,897/-രൂപയും ഉൾപ്പെടെ നീക്കിബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുക 53,60,781/-രൂപയാണ്.

5. വികസനഫണ്ട്-ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ്-റോഡ്, സി.എഫ്.സി-റൈഡ് എന്നീ ഫണ്ടുകളുടെ യഥാർത്ഥ ചെലവ്, സാംഖ്യ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. സാംഖ്യയിൽ ചെലവായി ഉൾപ്പെടുത്തിയെങ്കിലും ട്രഷറിയിൽ നിന്നും പേയ്മെന്റ് ആകാത്ത ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വികസനഫണ്ട് - ജനറൽ | | വികസനഫണ്ട് - എസ്.സി.പി | | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | | സി.എഫ്.സി - റൈഡ് | |
|---|---|---|---|---|---|---|---|
| പ്രോ.നം | തുക (രൂപ) | പ്രോ.നം | തുക (രൂപ) | പ്രോ.നം | തുക (രൂപ) | പ്രോ.നം | തുക (രൂപ) |
| 127/23 | 36,000/- | 231/23 | 1,09,943/- | 154/23 | 66,135/- | 51/23 | 6,800/- |
| 175/23 | 3,42,000/- | | | | | | |
| 106/23 | 1,24,400/- | | | | | | |
| 60/23 | 36,874/- | | | | | | |

6) പ്രോ.നം 42/23 പ്രകാരം ലൈഫ് ലോണിനത്തിൽ നിന്നുമുള്ള 5,00,000/- രൂപയുടെ ചെലവ് സെക്യൂർഡ് ലോണിന്റെ ശീർഷകത്തിൽ നിന്നും കുറവ് ചെയ്യാതെ സംസ്ഥാനവിഷ്കൃത ഫണ്ടിന്റെ ലയബിലിറ്റി ശീർഷകമായ 320300199-ൽ നിന്നാണ് കുറവ് ചെയ്തിരിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് കൃത്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 39,05,87,591/- | 182 | 11,95,72,310/- | 90 | 0 | 67% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 107/- | 15,25,546/- | 15,25,653/- | 9,27,090/- | 5,98,563/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5,79,07,990/- | 5,79,07,990/- | 5,79,07,990/- | - |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 40,49,400/- |
| വിധവാപെൻഷൻ | 1,57,39,300/- |
| വാർദ്ധക്യകാലപെൻഷൻ | 3,71,85,600/- |
| വികലാംഗപെൻഷൻ | 39,99,400/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,01,600/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000/- |
| തൊഴിലില്ലായ്മ വേതനം | 29,400/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/09/2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,547/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്.
ധനകാര്യ വകുപ്പിന്റെ 16/11/2017 ലെ സഉ.(പി) നം 147/2017 ഉത്തരവ് ലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് DBT ചെയ്യുന്നതിനായി ട്രഷറിയിൽ IFMS സംവിധാനം ഉപയോഗപ്പെടുത്തണം എന്ന് നിർദ്ദേശമുണ്ടായിരിക്കെ തുക നിർവഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് മാറി നൽകുന്നു. വൗച്ചറുകൾ ILGMS ൽ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച പൂർണമായ രേഖകൾ ലഭ്യമല്ല.
ലൈഫ് ഭവനപദ്ധതി, ഷോപ്പിംഗ് മാൾ നിർമ്മാണം എന്നിവയ്ക്കായി KURDFC, KFC എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിരിക്കുന്ന തുകയിൽ ഒടുക്കുവാനവശേഷിക്കുന്ന തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ പത്തനാപുരം ശാഖയിൽ ഗ്രാമപഞ്ചായത്തിനുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരവും വാർഷികധനകാര്യപത്രികയിൽ കൃത്യമായി ഉൾപ്പെടുത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/12/2022 | 7/2022 മുതൽ 9/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-01-2017 മുതൽ 21-01-2017 വരെ | 2011-12 മുതൽ 2015-16 വരെ | 21/02/2017 |

1-11 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിലും തൃതീയമേഖലയിലും ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു.

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവും തൃതീയമേഖലയിൽ ഉൾപ്പെടുത്തി 20 ശതമാനം നികുതി ഇളവും നൽകുന്നു. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വീതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നുമാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും ദ്വിതീയ, തൃതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി നികുതിയിളവ് നൽകുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗ ക്രമം | നിരക്ക് (ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക(രൂപ) | തൃതീയമേഖല അടിസ്ഥാനത്തിൽ 20 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
|---|---|---|---|---|---|---|---|---|---|
| 1 | 17 | 1656 | ലീലാമണി | 181.33 | വാണിജ്യം | 50 | 9066.5/- | 906/- | |
| 2 | 10 | 541 | മല്ലിക.എസ് | 16.1 | വാണിജ്യം | 50 | 805/- | 80/- | |
| 3 | 11 | 840 | അബ്ദുൾ റസാക്ക് | 200.28 | വാണിജ്യം | 50 | 10014 | 1001/- | |
| 4 | 12 | 708 | അനീസ.എൻ | 15.96 | വാണിജ്യം | 50 | 798/- | 79/- | |
| 5 | 12 | 711 | ഷഹീന ബീവി | 21.2 | വാണിജ്യം | 50 | 1060/- | 106/- | |
| 6 | 15 | 1300 | പ്രഭ | 157.95 | പാർപ്പിടം | 6 | 947/- | | 189/- |
| 7 | 18 | 905 | നൌഷാദ് | 188.77 | പാർപ്പിടം | 6 | 1132/- | 113/- | |
| 8 | 10 | 537 | ദിവ്യ എസ്.ദാസ് | 59.74 | പാർപ്പിടം | 6 | 358/- | 35/- | |
| 9 | 10 | 538 | ദിവ്യ എസ്.ദാസ് | 59.74 | പാർപ്പിടം | 6 | 358/- | 35/- | |
| 10 | 10 | 539 | ദിവ്യ എസ്.ദാസ് | 59.74 | പാർപ്പിടം | 6 | 358/- | 35/- | |
| 11 | 10 | 540 | ദിവ്യ എസ്.ദാസ് | 59.74 | പാർപ്പിടം | 6 | 358/- | 35/- | |
| 12 | 12 | 707 | നെജീബ് | 240.9 | പാർപ്പിടം | 6 | 1445/- | 144/- | |
| 13 | 8 | 935 | നസീമുദീൻ | 251.09 | പാർപ്പിടം | 6 | 1506/- | 150/- | |
| 14 | 8 | 936 | ബിനു ജാജ് | 228.77 | പാർപ്പിടം | 6 | 1372/- | 137/- | |
| 15 | 8 | 937 | ബിനു ജാജ് | 220.68 | പാർപ്പിടം | 6 | 1324/- | 132/- | |
| 16 | 8 | 938 | മനോജ്കുമാർ | 236.38 | പാർപ്പിടം | 6 | 1418/- | 141/- | |
| 17 | 8 | 939 | ഷെമീന ഷംസുദ്ദീൻ | 296.27 | പാർപ്പിടം | 6 | 1777/- | 177/- | |
| ആകെ | | | | | | | | 3306/- | 189/- |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 05/14.09.23) മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് എന്ന വ്യക്തിയ്ക്ക് 14/12/2021 ലെ B2-24814/2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നത് വാണിജ്യ/സ്പെഷ്യൽ റസിഡൻസ് (A2 വിഭാഗം - ലോഡ്ജ്) എന്നീ ഉപയോഗക്രമത്തിലെ കെട്ടിടം നിർമ്മിക്കുന്നതിനാണ്. അതുപ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടയുടമ 09/01/2023 ൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ അപേക്ഷയിൽ A2 വിഭാഗം – ലോഡ്ജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതായും കെട്ടിടത്തിന് കെട്ടിടനമ്പർ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരുന്നത് A2 വിഭാഗം - ലോഡ്ജ് എന്നതിന് പകരം പാർപ്പിടാവശ്യം (A1 വിഭാഗം) ഉപയോഗക്രമത്തിൽ ച.മീറ്ററിന് 6/-രൂപ നിരക്കിലാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14-01-11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം A2 വിഭാഗം – ലോഡ്ജ് വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് 40/-രൂപയായി പത്തനാപുരം ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതുപ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി താഴെ പറയുന്ന പ്രകാരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | | | |
|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | ഉപയോഗ ക്രമം/നിരക്ക് | നിശ്ചയിച്ച വസ്തുനികുതി 20% വർദ്ധനവ് (₹) | വിസ്തീർണ്ണം (ച.മി.) | ഉപയോഗ ക്രമം/നിരക്ക് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി (₹) | വ്യത്യാസം |
| 17/1657 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 174.44 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 1046.64 + 209.32 = 1256/- | 174.44 ച.മി | A2 വിഭാഗം-ലോഡ്ജ് | 8373/- (174.44 X 40+20%) | 7117/- |
| 17/1658 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 100.3 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 601.8 + 120.36= 723/- | 100.3 ച.മി | A2 വിഭാഗം-ലോഡ്ജ് | 4815/- (100.3x 40+20%) | 4092/- |
| 17/1659 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 106.25 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 637.5 + 127.5= 765/- | 106.25 ച.മി | A2 വിഭാഗം-ലോഡ്ജ് | 5100/- (106.25x 40+20%) | 4335/- |
| 17/1660 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 98.15ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 588.9 + 117.78 = 707/- | 98.15 ച.മി | A2 വിഭാഗം-ലോഡ്ജ് | 4711/- (98.15x 40+20%) | 4004/- |
| 17/1661 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 196.53 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 1179.18 + 235.836 = 1416/- | 196.53 ച.മി | A2 വിഭാഗം-ലോഡ്ജ് | 9433/- (196.53x 40+20%) | 8017/- |
| 17/1662 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 34.38 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 206.28 + 41.256= 248/- | 34.38 ച.മി | A2 വിഭാഗം-ലോഡ്ജ് | 1650/- (34.38x 40+20%) | 1402/- |
| 17/1663 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 34.52 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 207.12 + 41.424=249/- | 34.52 ച.മി | A2 വിഭാഗം-ലോഡ്ജ് | 1657/- (34.52x 40+20%) | 1408/- |
| 17/1664 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 34.38 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 206.28+ 41.256=248/- | 34.38 ച.മി | A2 വിഭാഗം-ലോഡ്ജ് | 1650/- (34.38x 40+20%) | 1402/- |
| 17/1665 | റിഫായി ഹനീഫ, ബൈത്തൽഅമാൻ, കല്ലുംകടവ് | 34.38 ച.മി. | പാർപ്പിടാവശ്യം നിരക്ക്-6/-രൂപ | 206.28+ 41.256= 248/- | 34.38 ച.മി | A2 വിഭാഗം-ലോഡ്ജ് | 1650/- (34.38x 40+20%) | 1402/- |
| | | | | | | | ആകെ | 33179/- |

വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം-6/14.09.23) വസ്തുനികുതി പുനർ നിർണ്ണയിക്കുമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

1-13 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) | റോഡിന്റെ വിവരം |
|---|---|---|---|---|---|---|
| 17 | 1656 | ലീലാമണി | 181.33 | 9,066/- | 1,813/- | പത്തനാപുരം-ഇടത്തറ |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 07/14.09.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(1) 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മൌണ്ട് താബോർ ഹയർ സെക്കന്ററി സ്കൂൾ | 1 & 2 |
| 2 | ഇൻഡസ് മോട്ടോഴ്സ് | 1 & 2 |
| 3 | ഹൌസിംഗ് ബോർഡ് ഓഫീസ് | 1 & 2 |
| 4 | ധന്യ സൂപ്പർ മാർക്കറ്റ് | 1 & 2 |

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരേയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

(2) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(3) ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പത്താനാപുരം സബ്‌രജിസ്ട്രാർ ഓഫീസ് പരിധിയിൽ നിരവധി ആധാരമെഴുത്തുകാർ പ്രവർത്തിക്കുന്നുണ്ട്. ഈ സബ്‌രജിസ്ട്രാർ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരെ സംബന്ധിച്ച വിവരങ്ങൾ സബ്‌രജിസ്ട്രാർ ഓഫീസിലെ ആധാരമെഴുത്ത് ക്ഷേമനിധി രജിസ്റ്ററിൽ നിന്നും ലഭിക്കുന്നതാണ്. ആധാരമെഴുത്തുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കാൻ 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലേലം ഇനത്തിൽ 6.7 ലക്ഷം രൂപ കുടിശ്ശിക.

ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് നടത്തിയ ലേലത്തിൽ പങ്കെടുത്ത് ലേലം പിടിച്ച വ്യക്തികൾ ലേലതുക കൃത്യമായി ഒടുക്കു വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2022-23 ൽ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് ശ്രീ/ശ്രീമതി | കുടിശ്ശിക(രൂപ) |
|---|---|---|---|
| 1 | കാരാമൂട് മാട്ടിറച്ചി സ്റ്റാൾ | മുംതാസ് | 1,53,333/- |
| 2 | മൂലക്കട ജംഗ്ഷനിൽ മാട്ടിറച്ചി സ്റ്റാൾ | നാസർ | 4,06,667/- |
| 3 | നടുക്കുന്ന് ജംഗ്ഷനിൽ മാട്ടിറച്ചി സ്റ്റാൾ | മജീദ് | 57,167/- |
| | | ആകെ | 6,17,166/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്കുള്ള (നം-16/2023, 18.09.2023) മറുപടിയിൽ ലേലകുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളിൽ നിന്നും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 ഒക്യുപൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഒക്യുപൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ശ്രീ. അബ്ദുൾ മജീദ്/ശ്രീ. അനീസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/1178 മുതൽ 15/1183 വരെ കെട്ടിടനമ്പരിലായി 306.45 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തിന് 2019-20 ൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന് അനുബന്ധമായി 423.98 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തിന് 2022-23 ൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിയെ (എൻക്വയറി നം-22/18-09-2023) തുടർന്ന് എൽ.എസ്.ജി.ഡി വിഭാഗം ഈ കെട്ടിടത്തിൽ ഭൗതികപരിശോധന നടത്തി. ഈ പരിശോധനയിൽ അബ്ദുൾ മജീദ്/അനീസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/1178 മുതൽ 15/1183 വരെ കെട്ടിടനമ്പരിലായി 306.45 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തിന് മുകളിൽ രണ്ടാംനിലയായി 154.8 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ ജി.ഐ ഷീറ്റ് റൂഫിൽ കെട്ടിടം അനധികൃതമായി നിർമ്മിച്ചതായും ഈ കെട്ടിടത്തിൽ കളരി പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നതായും റിപ്പോർട്ട് ലഭ്യമാക്കി.

ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിൽ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയതിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിന് ചുമത്തേണ്ട വസ്തുനികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പദ്ധതി പൂർണ്ണമായും നടപ്പിലാക്കാതെ ബിൽ തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 120/23 |
| പ്രോജക്ടിന്റെ പേര് | ഇരട്ടക്കാല മണക്കാട്ട് കടവ് റോഡ് പുനരുദ്ധാരണം (വാർഡ്-11) |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 4,30,000/-രൂപ (MGR) |
| കരാറുകാരൻ | ശ്രീ.അജിത് പ്രസാദ് ജയൻ ( 3,57,626/-) |
| എഗ്രിമെന്റ് നം/തീയതി | 82/AE/LSGD/PTPM/22-23/6.2.2023 |

| | |
|---|---|
| ബിൽ നം./തീയതി, തുക | 49/22-23/20.3.2023 , 3,40,058/-രൂപ |

മേൽ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 2,88,185/- രൂപ കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

ആകെ പ്രവൃത്തിമൂല്യം = 2,88,185/-

(+) 18% GST = 51,873/-

----------

3,40,058/- രൂപ ( ബിൽ നം.49/22-23/20.3.23 )

(-) 1% CGST – 2,882/-

1% SGST – 2,882/-

1% IT – 2,882/-

1% WF - 2,882/-

Fine - 577/-

-------------

കരാറുകാരന് നൽകിയത് = 3,27,953/- രൂപ

പ്രസ്തുത പദ്ധതി പ്രകാരം, റീടാറിംഗിനായി 3,15,000/-രൂപയും, റീകോൺക്രീറ്റിംഗ്, നെയിംബോർഡ് എന്നിവയ്ക്കായി 1,15,000/-രൂപയും ചേർത്ത് 4,30,000/-രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു.

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം, റീടാറിംഗിനായി 2,97,206.57/-രൂപയും, റീകോൺക്രീറ്റിംഗിനായി 64,099.07/-രൂപയും, നെയിംബോർഡിനായി 3,085.50/-രൂപയും ചേർത്ത് 3,64,391.14/-രൂപ (GST ഒഴികെ) കണക്കാക്കിയിട്ടുണ്ട്.

അക്സപ്റ്റഡ് ഷെഡ്യൂൾ പ്രകാരം, റീടാറിംഗിനായി 2,84,641.08/-രൂപയും, റീകോൺക്രീറ്റിംഗിനായി 69,867.98/-രൂപയും, നെയിംബോർഡിനായി 3,116.76/-രൂപയും ചേർത്ത് 3,57,626/-രൂപ (GST ഒഴികെ) കരാറുകാരൻ പി.എ.സി. തുക രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ റോഡ് പുനരുദ്ധാരണത്തിന് അത്യാവശ്യമായി ചെയ്യേണ്ടിയിരുന്ന റീകോൺക്രീറ്റിംഗ് എന്ന പ്രവൃത്തി നിർവഹിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. അതായത്, പദ്ധതി പൂർണ്ണമായും നടപ്പിലാക്കാതെ ബിൽ തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു. മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടിൽ പണി തൃപ്തികരമായി പൂർത്തീകരിച്ചതായി രേഖപ്പെടുത്തി വാർഡ് മെമ്പർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ ഒപ്പു വച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/19.9.23) ലഭ്യമാക്കിയ മറുപടിയിൽ, റീടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ആരംഭിക്കാൻ തുടങ്ങിയപ്പോൾ റോഡിന് സമീപ പ്രദേശത്തെ ജനങ്ങൾ റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനു പകരം റോഡിന്റെ അവസാനഭാഗത്തുള്ള മൺ റോഡ് കോൺക്രീറ്റ് നൽകണമെന്ന് ആവശ്യപ്പെടുകയും എന്നാൽ പ്രസ്തുത റോഡിന് വകയിരുത്തിയിരുന്ന മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗ് ചെയ്യാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള റീകോൺക്രീറ്റിംഗ് ഒഴിവാക്കി പ്രവൃത്തി അവസാനിപ്പിക്കുകയായിരുന്നുവെന്ന് വിശദീകരിച്ചിട്ടുണ്ട്.

അംഗീകൃത എസ്റ്റിമേറ്റ്, അക്സപ്റ്റഡ് ഷെഡ്യൂൾ എന്നിവ പ്രകാരം നിർവഹിക്കേണ്ടിയിരുന്ന റീകോൺക്രീറ്റിംഗ്, നിയമപരമല്ലാത്ത ഒരാവശ്യത്തിനുവേണ്ടിയുള്ള ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് ഒഴിവാക്കേണ്ടി വരുന്ന സാഹചര്യം ന്യായീകരിക്കാവുന്നതല്ല. റോഡ് മെയിന്റനൻസിന് പ്രസ്തുത ഇനം അത്യന്താപേക്ഷിതമായതിനാലാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ആയതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി ഒഴിവാക്കപ്പെട്ട റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ നിർവഹിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

1-18 6,236/- രൂപ ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു.

2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമായാൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പ്രോജക്ട് നം 54/2022-23 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്) പദ്ധതിക്കായി ADCOM SYSTEMS THIRUVANANTHAPURAM VD20/07/2022 ലെ ഇൻവോയസ് നം. 59 പ്രകാരം 3,67,900/- രൂപയുടെ (3,11,779 + 56,120 GST) ലാപ് ടോപ്പ് (10 എണ്ണം) സപ്ലൈ ചെയ്തതിന് 06/08/2022 ലെ ബിൽ നം 02/2022-23 പ്രകാരം 3,67,900/-രൂപ വികസന ഫണ്ട് എസ് സി പി-ൽ നിന്നും ADCOM SYSTEMS അനുവദിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥ പ്രകാരം 6,236/- രൂപ ജി.എസ്.ടി - ടി.ഡി.എസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കി ഒടുക്കാതെ തുക അനുവദിച്ച മേൽ അപാകത പരിഹരിക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥ - അസി. സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം – 02/2022-23/12.09.2023

1-19 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - സ്പെസിഫിക്കേഷൻ പാലിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥ - അസി. സെക്രട്ടറി

പ്രോജക്ട് നം - 54/2022-23

പട്ടിക ജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് Gem പോർട്ടലിൽ നിന്നും വാങ്ങുമ്പോൾ അനുവദനീയമായ സ്പെസിഫിക്കേഷൻ സ.ഉ (സാധാ) നം 482/2022/ ത.സ്വ.ഭ.വ തീ 28-02-2022 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം UBUNTU Operating System അടിസ്ഥാനപ്പെടുത്തിയ ലാപ് ടോപ്പുകളാണ് വാങ്ങി നൽകാവുന്നത്. എന്നാൽ ആയത് പാലിക്കാതെ ലാപ് ടോപ്പ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം/ തീയതി | തുക(രൂപ) | സ്ഥാപനം/ ഇൻവോയസ് നം | സ്പെസിഫിക്കേഷൻ | ഒരു ലാപ് ടോപ്പ് വില + Gst |
|---|---|---|---|---|
| ബിൽ നം 02/ 06-08-2022 | 3,67,900/- | ADCOM SYSTEMS Tvpm 59/20-07-2022 10 Lap Top | Operating System - UBUNTU – 20<br>Processor - Intel Core I3<br>RAM - 4 GB DDR4<br>HDD - 512 GB SSD<br>Display – 14 "LED HD Backlit Antiglare | 36,790/- |
| ബിൽ നം 06/28-10-2022 | 7,77,280/- | KM TECHNOLOGIES Kottayam KMR/2022-23/880 Dt 08-10-2022 16 Lap Top | Operating System- Windows 11 Home<br>Processor - Intel Core I3<br>RAM - 4 GB DDR4<br>HDD - 512 GB SSD<br>Display – 14 "LED HD Backlit Antiglare | 48,580/- |
| ആകെ | 11,45,180/- | | വ്യത്യാസം | 11,790/- |

സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന സ്പെസിഫിക്കേഷനിൽ നിന്നും വ്യത്യസ്തമായ Operating System (Windows 11 Home) ബിഡിൽ ഉൾപ്പെടുത്തിയത് മൂലം ഒരു ലാപ് ടോപ്പിന് 11,790/-രൂപ വീതം 16 ലാപ് ടോപ്പിന് ആകെ 1,88,640/-രൂപ അധിക ചെലവ് വന്നു. ഒരു പദ്ധതിക്ക് ഒന്നിലധികം തവണ GEM ൽ ബിഡ് സമർപ്പിച്ചതും ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 12.09.2023ന് നൽകിയ ഓഡിറ്റ് എൻക്വയറി നം – 3/2022-23 ന് ലഭ്യമാക്കിയ മറുപടിയിൽ 2021-22 ൽ KELTRON ൽ നിക്ഷേപിച്ച തുക തിരികെ ലഭിച്ചതിനെ തുടർന്ന് പ്രോജക്ട് റിവൈസ് ചെയ്ത് വീണ്ടും 04/08/2022 മുതൽ GEM Portal-ൽ ബിഡ് സമർപ്പിക്കാൻ ശ്രമിച്ചപ്പോൾ സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പ് GEM Portal-ൽ ലഭ്യമല്ലായിരുന്നു എന്നും ആയതിനാലാണ് എസ്.സി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ Procurement Committee, Steering Committee എന്നിവയുടെ അനുമതിയോടെ WINDOWS അടിസ്ഥാനപ്പെടുത്തിയ ലാപ് ടോപ്പ് വാങ്ങിയത് എന്നും വ്യക്തമാക്കി. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം അനുവദനീയമായ സ്പെസിഫിക്കേഷൻ

പാലിക്കാതെ ലാപ് ടോപ്പ് വാങ്ങേണ്ടി വരുന്ന സാഹചര്യം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുമതി വാങ്ങേണ്ടതായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച 3,01,513/- രൂപയിൽ 2,31,421/- രൂപ അലോട്ട്മെന്റ് ലഭിക്കാത്ത മറ്റ് ഇൻവോയ്സുകൾ പ്രകാരം പേയ്മെന്റ് നടത്തി.

2021-22 ൽ അനുപൂരക പോഷകാഹാരം കേന്ദ്ര വിഹിതം ഇനത്തിൽ പ്രോജക്ട് നം 27/2021-22 ന്റെ 01/2022, 02/2022, 03/2022 എന്നീ മാസങ്ങളിലെ THRS ഭക്ഷ്യ ഇനം, കടത്ത് കൂലി എന്നീ ചെലവുകളുടെ ഭാഗമായി പിൻവലിച്ച 3,01,513/-രൂപ Nirmalyam Nutrimix Unit, Punalur എന്ന സ്ഥാപനത്തിന് നൽകാതെ ICDS – STSB A/c No. 799011400006866-ൽ അനധികൃതമായി സൂക്ഷിക്കുകയും തുടർന്ന് 2022-23 ൽ പ്രോജക്ട് നം 57/2022-23 ന്റെ 10/2022, 11/2022 THRS ഭക്ഷ്യ ഇനം, ഇനത്തിൽ 2,26,709/-രൂപ Nirmalyam Nutrimix Unit, Punalur എന്ന സ്ഥാപനത്തിനും 07/2022 ലെ കടത്ത് കൂലി ഇനത്തിൽ ശ്രീ. ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് 4,712/-രൂപയും ഉൾപ്പടെ 2,31,421/-രൂപയായി 17-12-2022 ൽ നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

2021-22 ൽ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും സ്ഥാപനത്തിന് നൽകുന്നതിനായി 25-03-2022 ലെ ചെക്ക് നം. 2916996 പ്രകാരം ICDS ന്റെ പേരിലുള്ള STSB A/c No. 799011400006866-ലേക്ക് 3,01,513/-രൂപ ട്രാൻസ്ഫർ ചെയ്യുന്നതിനായി പഞ്ചായത്തിൽ ഹാജരാക്കിയ Nirmalyam Nutrimix Unit, Punalur ന്റെ ഇൻവോയ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | ഇൻവോയ്സ് നം/തീയതി | തൂക്കം | തുക(രൂപ) | അനുവദിച്ച തുക(രൂപ | തുക ലഭിക്കേണ്ട സ്ഥാപനം |
|---|---|---|---|---|---|
| 01/2022 | 26/18-01-2022 | 1988 | 1,46,118/- | 32,055/- | Nirmalyam Nutrimix Unit, Punalur |
| 02/2022 | 45/16-02-2022 | 1749 | 1,28,550/- | 1,28,550/- | |
| 03/2022 | 102/22-03-2022 | 1820 | 1,33,770/- | 1,33,770/- | |
| 02/2022 | 46/16-02-2022 (കടത്ത് കൂലി) | 1749 | 3,498/- | 3,498/- | |
| 03/2022 | 103/22-03-2022 (കടത്ത് കൂലി) | 1820 | 3,460/- | 3,640/- | |
| | ആകെ | | | 3,01,513/- | |

മേൽ വിവരിച്ച പ്രകാരം ICDS ന്റെ പേരിലുള്ള STSB A/c No. 799011400006866-ലേക്ക് ലഭിച്ച 3,01,513/-രൂപ സ്ഥാപനത്തിന് നൽകാതെ ടി കാലയളവിലെ ICDS Supervisor ആയ ശ്രീമതി ജയശ്രീയുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും തുടർന്ന് 2022-23 സാമ്പത്തിക വർഷം പ്രോജക്ട് നം. 57/2022-23 ന്റെ ചെലവിന്റെ ഭാഗമായി പ്രസ്തുത കാലയളവിലെ ICDS Supervisor ആയ ശ്രീമതി ബ്ലെസ്സി ജോസ് 17-12-2022 ലെ ചെക്ക് നം JM 0243635 പ്രകാരം 2,31,421/-രൂപ ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഇൻവോയ്സ് നം/ തീയതി | തൂക്കം | തുക(രൂപ) | അനുവദിച്ച തുക (രൂപ) | ഗുണഭോക്താവ് |
|---|---|---|---|---|---|
| 10/2022 | 140/27-10-2022 | 1683.5 | 1,23,737/- | 1,23,737/- | Nirmalyam Nutrimix Unit, Punalur |
| 11/2022 | 01/29-11-2022 | 1401 | 1,02,972/- | 1,02,972/- | |
| 07/2022 | (കടത്ത് കൂലി) | 1450 | 4,712/- | 4,712/- | ഷാഹുൽ ഹമീദ് |
| | ആകെ | | | 2,31,421/- | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2022-23/18.09.23) ലഭ്യമാക്കിയ മറുപടിയിൽ 3,01,513/-രൂപ ICDS – STSB A/c No. 799011400006866-ൽ 26-03-2022 ൽ ക്രഡിറ്റ് വന്നത് അറിഞ്ഞില്ല എന്നും ആയതിനാൽ തുക ചെലവഴിക്കാൻ വിട്ട് പോയെന്നും, തുടർന്ന് ചാർജെടുത്ത ICDS Supervisor പ്രസ്തുത തുകയിൽ നിന്നും 2,31,421/-രൂപ ചെലവഴിച്ചു എന്നും മറുപടി നൽകി. എന്നാൽ 3,01,513/-രൂപയുടെ Original Invoice ഓഡിറ്റിന് ഹാജരാക്കാൻ ICDS Supervisor ക്ക് കഴിയാത്ത സാഹചര്യത്തിൽ മേൽ മറുപടിയുടെ ആധികാരികത ഓഡിറ്റിന് ഉറപ്പാക്കാൻ കഴിയില്ല.

26/03/2022 ൽ ഗുണഭോക്താവിന് വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 3,01,513/- രൂപ 17/12/2022 വരെ STSB A/c No. 799011400006866-ൽ അനധികൃതമായി സൂക്ഷിക്കുകയും തുടർന്ന് മറ്റ്

ഇൻവോയ്സുകളുടെ ചെലവിനായി വിനിയോഗിക്കുകയും ചെയ്തു. പ്രസ്തുത അക്കൗണ്ടിൽ 18/09/2023 ൽ 93,187/- രൂപ ചെലവഴിക്കാതെ അവശേഷിക്കുകയും ചെയ്യുന്നു. ധനകാര്യ വകുപ്പിന്റെ 16/11/2017 ലെ സ.ഉ.(പി) നം 147/2017 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആനുകൂല്യ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് DBT ചെയ്യുന്നതിനായി ട്രഷറിയിൽ IFMS സംവിധാനം ഉപയോഗപ്പെടുത്തണം എന്ന് നിർദ്ദേശമുണ്ടായിരിക്കെ അക്കൗണ്ടിൽ അനധികൃതമായി പണം സൂക്ഷിക്കുകയും ഇടപാട് നടത്തുകയും ചെയ്യുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 40,000/- രൂപയുടെ അഡ്വാൻസ് ക്രമീകരണ വൗച്ചർ ഹാജരാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം – 178/2022-23 പ്രകാരം ഘടക സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾക്ക് മുൻകൂർ ആയി ആകെ 79,024/-രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആയതിൽ ട്രഷറി ബിൽ നം 22/16-11-2022 പ്രകാരം 15,000/-രൂപ എച്ച്.എം GMLPS നം 25,000/- രൂപ വെറ്ററിനറി സർജനും നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ക്രമീകരണ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലില്ല. ക്രമീകരണ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂർ ക്രമീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 18/2022-23 തീ. 18/09/2023

തടസ്സപ്പെടുത്തുന്ന തുക – 40,000/- രൂപ

1-22 3,71,106/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുടെ ചെലവിന് ആധാരമായ രേഖകൾ പൂർണമായും ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രോജക്ട് വിശദാംശം | ബിൽ നം | തുക (രൂപ) | അപാകത |
|---|---|---|---|
| 37/2022-23<br>തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ)<br>പദ്ധതി അടങ്കൽ- 1,16,833/- (CFC)<br>പദ്ധതി ചെലവ് - 1,16,833/- | ACR ബിൽ നം.89/02-09-2022 | 55,390/- | ACR ബിൽ നം 89/02-09-2022<br>55,390/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ ILGMS-ൽ ലഭ്യമായത് പരിശോധിച്ചതിൽ 356 തെരുവ് വിളക്ക് ഉപകരണങ്ങൾ Dismantiling, Repairing, Refitting എന്നീ പ്രവൃത്തികൾ ചെയ്തതിന് 140/-രൂപ നിരക്കിൽ 49,840/-രൂപയും 111 ബൾബ് മാറ്റി സ്ഥാപിച്ചതിന് 50/-രൂപ നിരക്കിൽ 5,550/-രൂപയും ഉൾപ്പടെ 55,390/-രൂപ ശ്രീ. പി അശോകന് നൽകിയിട്ടുണ്ട്. എന്നാൽ നിരക്ക് നിർണയിച്ച ടെൻഡർ ഫയൽ, കരാർ എന്നിവ ലഭ്യമാക്കിയില്ല. |
| 03/2022-23<br>തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ)<br>പദ്ധതി അടങ്കൽ- 12,90,800/- (CFC)<br>പദ്ധതി ചെലവ് - 10,67,449/- | 112/11-10-2022 | 3,15,716/- | ACR ബിൽ നം 112/ 11-10-2022 പ്രകാരം 3,15,716/- രൂപ United Electricals എന്ന സ്ഥാപനത്തിന് ആണ് അനുവദിച്ചത്. എന്നാൽ ആയതിന്റെ ഇൻവോയ്സ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| ആകെ | | 3,71,106/- | |

രേഖകൾ പൂർണമായും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 3,71,106/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 19/2022-23 തീ 18-09-2023

തടസ്സപ്പെടുത്തിയ തുക – 3,71,106/- രൂപ

1-23 26,80,508/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായും/മുൻകൂർ വിഹിതമായും തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവഹണ ഏജൻസി | ബിൽനം/ചെക്ക് നം. മുൻകൂർ നൽകിയ തുക₹ |
|---|---|---|---|
| 1 | ജീവനം – ഗ്രാമപഞ്ചായത്ത് വിഹിതം<br>പ്രോജക്റ്റ് നം - 267/23<br>അടങ്കൽ- 50,000/-രൂപ -(വികസനഫണ്ട്)<br>ചെലവ് - 50,000/-രൂപ | ജില്ലാ പഞ്ചായത്ത് | ബിൽ നം 29/22-23<br>തീ 03-01-2023=<br>50,000/- |
| 2 | 02/23<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ - 3,00,000/-രൂപ (CFC)<br>ചെലവ് - 2,84,725/-രൂപ | കെ.എസ്.ഇ.ബി | ACR ബിൽ നം<br>271/15-02-2023 =<br>47,161/-<br>275/16-02-2023 =<br>26,117/-<br>316/28-02-2023 =<br>37,857/-<br>333/14-03-2023 =<br>54,241/-<br>332/14-03-2023 =<br>1,19,349/- |
| 3 | 40/2022-23<br>പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണം<br>അടങ്കൽ – 10,19,000/-രൂപ (CFC )<br>ചെലവ് - 10,03,783/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 09/13-07-2023=<br>10,03,783/- |
| 3 | 41/2022-23<br>കുഴൽ കിണർ പമ്പ് സെറ്റ് സ്ഥാപിക്കൽ<br>അടങ്കൽ – 205000/-രൂപ (CFC )<br>ചെലവ് - 2,00,000/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 39/13-02-2023=<br>2,00,000/- |
| 4 | 283/2022-23<br>പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണം<br>അടങ്കൽ – 11,42,000/-രൂപ (CFC )<br>ചെലവ് - 11,42,000/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ACR ബിൽ നം<br>250/07-02-2023 =<br>11,42,000/- |
| | ആകെ - 26,80,508/- | | |

മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 26,80,508/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 20/2022-23 തീ 18-09-2023

തടസ്സപ്പെടുത്തിയ തുക – 26,80,508/- രൂപ

1-24 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം 2,000/- രൂപ വികസന ഫണ്ട് (ജനറൽ)-നിന്നും അധികം പിൻവലിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം – 56/2022-23 ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം

ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം ഇനത്തിൽ 03/2022 ൽ 30,995/- രൂപയും (ചെക്ക് നം 019732 തീ.01-04-2022), 04/2022 ൽ 28,995/- രൂപയും (ചെക്ക് നം 020114തീ.04-05--2022), ഉൾപ്പടെ 59,990/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. തുടർന്ന് 18-03-2023 ലെ ട്രഷറി ബിൽ നം. 50 പ്രകാരം 03/2022, 04/2022 എന്നീ മാസങ്ങളിലെ വേതനം ഇനത്തിൽ 61,990/- രൂപ വികസന ഫണ്ട് (ജനറൽ)-നിന്നും പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു . 2,000/- രൂപ അധികമായി പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ച സാഹചര്യത്തിൽ 2,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് ക്രമീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 25/2022-23 തീ 19-09-2023

തടസ്സപ്പെടുത്തുന്ന തുക – 2,000/- രൂപ

## 1-25 വികസനഫണ്ടിൽ നിന്നും അധികം ചെലവ് നടത്തി.

ഉറവിട മാലിന്യ സംസ്കരണം വീടുകളിൽ ബയോബിൻ സ്ഥാപിക്കൽ - എന്ന പദ്ധതി പ്രകാരം വികസനഫണ്ടിനാനുപാതികമായി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം പൂർണ്ണമായും പിരിച്ചെടുക്കാതെ ആയതുകൂടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. 2022-23 ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ 34,200/-രൂപ കൂടി ബയോബിൻ വിതരണ ഏജൻസിയായ IRTC യ്ക്ക് ഒടുക്ക് വരുത്തിയപ്പോൾ വിതരണം നടത്തിയ ബയോബിന്നുകളുടെ വിലയിൽ നിന്നും കൂടുതലായി തുക ചെലവാക്കിയതായും വ്യക്തമായി.

വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം – 44/23, ഉറവിട മാലിന്യ സംസ്കരണം – വീടുകളിൽ ബയോബിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഫണ്ട് അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4,50,000/-രൂപ,

ഗുണഭോക്തൃവിഹിതം - 1,26,000/-രൂപ

ചെലവ് - 4,48,740/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

1) ബിൽ നം – 74/22- 23/19-02-23; 72,000/-

2) ബിൽ നം – 78/22- 23/13-03-23; 2,52,000/-

3) ബിൽ നം – 80/22- 23/13-03-23; 27,720/-

4) ബിൽ നം – 103/22- 23/19-02-23; 97,020/-

5) 34,200/-ചെക്ക് നം – 6776323/16-08-22 (ഗുണഭോക്തൃവിഹിതം)

277 ഗുണഭോക്താക്കൾക്കായി തൻവർഷം തുക വകയിരുത്തിയ പദ്ധതി പ്രകാരം 1,800/-രൂപ നിരക്കിലുള്ള ഒരു ബയോബിന്നിന് 1,620/-രൂപ വികസനഫണ്ടിൽ നിന്നും സബ്സിഡിയും 180/-രൂപ ഗുണഭോക്തൃവിഹിതവും ആയിരുന്നു. 277 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് (277 X 1620). എന്നാൽ 190 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം മാത്രമാണ് IRTC യിലേയ്ക്ക് ഒടുക്ക് വരുത്തിയിരുന്നത് (180 X 190 = 34,200/-). 87 ഗുണഭോക്താക്കളുടെ വിഹിതം ഒടുക്ക് വരുത്തിയിട്ടില്ലാത്തതിനുള്ള വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ " 2019-20 മുതൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോബിൻ സ്ഥാപിക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും 2020-21 ൽ 500 ബിന്നുകൾ വിതരണം നടത്തിയതിനായി 8,10,000/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം റോട്ടറി ക്ലബ് നൽകാമെന്ന് ഭരണസമിതിയുമായി ധാരണ ഉണ്ടായിരുന്നതായും എന്നാൽ പിന്നീട് അവർ അതിൽ നിന്നും പിൻമാറിയതിനാൽ ഗുണഭോക്തൃവിഹിതം ഒടുക്കുവാൻ സാധിച്ചില്ലെന്നും 2022-23 ൽ ഒടുക്കിയ 34,200/-രൂപ മാത്രമാണ് ഗുണഭോക്തൃവിഹിതമിനത്തിൽ ആകെ ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി ഗുണഭോക്തൃവിഹിതം ലഭിക്കുന്ന മുറയ്ക്ക് ഒടുക്ക് വരുത്തുന്നതുമാണെന്നും "നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി (13.09.23) ലഭ്യമാക്കി. പദ്ധതിയുടെ 2019-20 സാമ്പത്തിക വർഷം മുതലുള്ള ചെലവ് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ ആകെ നടത്തേണ്ട ചെലവിൽ നിന്നും അധികമായി പണം IRTC യ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമായി.

ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളെ സമ്പൂർണ ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി 1892 കുടുംബങ്ങൾക്ക് 1,800/-രൂപ വിലയുള്ള ബയോബിൻ വാങ്ങുന്നതിനാണ് “ഉറവിട മാലിന്യ സംസ്കരണം – വീടുകളിൽ ബയോബിൻ” എന്ന പദ്ധതി നടപ്പിലാക്കിയത്.

2019-20 മുതൽ നാളിതുവരെയുള്ള പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | പ്രോജക്റ്റ് നം | ഫണ്ട് അടങ്കൽ ₹ | | | | ചെലവ് ₹ | | | |
|---|---|---|---|---|---|---|---|---|---|
| | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം |
| 2019-20 | 230/20 | 20,42,478/- | 10,21,680/- | 882/- | 3,40,560/- | 0 | 0 | 0 | 0 |
| 20-21 | 201/21 | 120,4,600/- | 10,21,680/- | 882/- | 3,40,560/- | 4,05,000/- | 4,05,000/- | 0 | 0 |
| 21-22 | 189/22 | 4,50,000/- | 6,16,680/- | 882/- | 3,40,560/- | 0 | 0 | 0 | 0 |
| 22-23 | 44/23 | 4,50,000/- | 0 | 0 | 1,26,000/- | 4,48,740/- | 0 | 0 | 34,200/- |

2020-21 ൽ ചെലവഴിച്ച 8,10,000/-രൂപയും 2022-23 ൽ ചെലവഴിച്ച 4,48,740/-രൂപയും ഉൾപ്പെടെ ആകെ 12,58,740/-രൂപ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 34,200/-രൂപ ഗുണഭോക്തൃവിഹിതമായും ഒടുക്കിയിട്ടുള്ളതിനാൽ ആകെ ചെലവ് 12,92,940/-രൂപയാണ്. ഇൻവോയ്സ് നം - 167/19-20/23-03-20 പ്രകാരം 300 എണ്ണവും ഇൻവോയ്സ് നം-ബി2-ബി 375/24-03-21പ്രകാരം 200 എണ്ണവും ഇൻവോയ്സ് നം - ബി2-ബി 425/03-03-23 പ്രകാരം 200 എണ്ണവും ഉൾപ്പെടെ ആകെ 700 എണ്ണം ബയോബിന്നുകൾ വിതരണം നടത്തിയിട്ടുണ്ട്.

700 എണ്ണം ബയോബിന്നുകൾക്കായി ചെലവഴിക്കേണ്ടിയിരുന്ന തുക ചുവടെ പറയും പ്രകാരമാണ്.

| പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം ₹ | ആകെ ഒടുക്കേണ്ടിയിരുന്ന തുക ₹ |
|---|---|---|
| 700 X 1620 = 11,34,000/- | 700 X 180 = 1,26,000/- | 700 X 1800 = 12,60,000/- |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി 1,24,740/-രൂപ (12,58,740 – 11,34,000) ഗുണഭോക്തൃവിഹിതമായി നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ആകെ 12,60,000/-രൂപ നൽകുന്നതിനു പകരമായി 12,92,940/-രൂപ നൽകിയതിലൂടെ 32,940/-രൂപ IRTC യ്ക്ക് അധികമായി നൽകിയിട്ടുമുണ്ട്. 2022-23 ൽ 277 ബയോബിന്നുകൾ വിതരണം നടത്തിയിട്ടുള്ളതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതമായി ഒടുക്ക് വരുത്തേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി ചെലവഴിച്ച 1,24,740/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. 700 ബയോബിന്നുകളുടെ വിലയായി നൽകേണ്ട 12,60,000/-രൂപയേക്കാൾ കൂടുതൽ നൽകിയ 32,940/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബയോബിൻ വിതരണ ഏജൻസിയായ IRTC യിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 07/13-09-23

തടസ്സപ്പെടുത്തിയ തുക – 1,24,740/- രൂപ

നിരാകരിച്ച തുക – 32,940/- രൂപ

## 1-26 ചെലവഴിക്കാത്ത ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കിയിട്ടില്ല. ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

2018-19 മുതൽ 2021-22 വരെ പത്തനാപുരം ഗ്രാമപഞ്ചായത്തിൽ നിന്നും വാട്ടർ അതോറിട്ടിയിൽ ഒടുക്ക് വരുത്തിയതും തിരികെ ലഭിച്ചതുമായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | തുക (രൂപ) | ഒടുക്കിയ സാമ്പത്തിക വർഷം/ തീയതി | ഫണ്ട് | തിരികെ ലഭിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1 | 53/18-19 | 10,00,000/- | 2018-19/ 31-07-2018 | സി.എഫ്.സി | പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകളിൽ ക്രമ നം. – 2, 3 എന്നിവ പ്രകാരമുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | തുകകൾ ചെക്ക് നം 927484/18-06-22 പ്രകാരം തിരികെ ലഭിച്ചു. ക്രമ നം. 1 പ്രകാരം ഒടുക്കിയ 10,00,000/- രൂപയിൽ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിക്കാതെ അവശേഷിച്ചിരുന്ന 1,80,667/- രൂപയും ക്രമ നം. 4 പ്രകാരമുള്ള 97,033/- രൂപയും ഉൾപ്പെടെ 2,77,700/- രൂപ 366195/27-03-2023 നം. ചെക്ക് പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. |
| 2 | 257/19-20 | 15,41,000/- | 2019-20/ 11-12-2019 | സി.എഫ്.സി | |
| 3 | 160/20-21 | 3,00,000/- | 2020-21/ 21-05-2020 | ജില്ലാ പഞ്ചായത്ത് | |
| 4 | 220/21-22 | 97,033/- | 2021-22/ 31-12-2021 | സി.എഫ്.സി | |

കേരള ഗ്രാമീൺ ബാങ്കിലുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന മേൽ തുക തൻവർഷത്തെ ബാധ്യത വരവിൽ ഉൾപ്പെടുത്തി ബാലൻസ് ഷീറ്റിലെ B-4 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല സംയുക്ത പദ്ധതിയ്ക്കായി പ്രോജക്ട് നം 160/20-21 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തി ലഭിച്ച തുക ചെലവഴിക്കപ്പെടാതെ തിരികെ ലഭിച്ച സാഹചര്യത്തിൽ തുക ലഭ്യമാക്കിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്.

1-27 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല - 2,03,525/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടിനായി തുക ചെലവഴിച്ചുവെങ്കിലും, മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരം | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | ചെക്ക് നം./ ബിൽ നം/ തീയതി, ചെലവ് തുക (രൂപ) | ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|
| പ്രോജക്ട് നം. 62/23 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ അടങ്കൽ തുക- 5,00,000/-രൂപ (MGNR) | LF-1242/6.9.23 | 3/22-23/28.10.22 5,00,000/- | 2,03,525/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/14.09.23) ലഭ്യമാക്കിയ മറുപടിയിൽ 2,03,525/-രൂപയുടെ മരുന്നുകൾ അടുത്ത ദിവസങ്ങളിൽ തന്നെ എത്തിച്ചുതരുമെന്ന് ഹോംകോ ഉറപ്പ് നൽകിയിട്ടുള്ളതായി അറിയിച്ചു.

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,03,525/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 10/14.09.23
തടസ്സപ്പെടുത്തിയ തുക – 2,03,525/-രൂപ

1-28 ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.

2022-23 ൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കരാർ തുകയുടെ 0.5%, (മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | പി.എ.സി.തുക (രൂപ) | ഈടാക്കേണ്ട ഫൈൻ തുക (പി.എ.സി. തുകയുടെ 0.2%) (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോജക്റ്റ് നം.16/23<br>ബാവാ സാഹിബ് നഗർ - അത്താല റോഡ് കോൺക്രീറ്റിംഗ് (വാർഡ്-10)<br>അടങ്കൽതുക-200010/- രൂ. (CFC-200000/- + Own Fund-10/)<br>ബിൽ നം. XVFC/22-23/P/40/30.1.23-199398/-രൂപ(CFC)<br>കരാറുകാരൻ - ശ്രീ.റോയ്.ജി.ജോർജ്ജ് | 1,77,117/- | 354/- |
| 2 | പ്രോജക്റ്റ്നം.25/23<br>ചിതൽവെട്ടി ആശാരിപറമ്പ് റോഡ് കോൺക്രീറ്റിംഗ് (വാർഡ്-6)<br>അടങ്കൽ തുക - 100000/- രൂ. (CFC)<br>ബിൽ നം. XVFC/22-23/P/37/24.1.23-99742/- രൂ.<br>കരാറുകാരൻ – ശ്രീ.അബ്ദുൾ റഹ്മാൻ.എസ്. | 99,800/- | 200/- |
| 3 | പ്രോജക്റ്റ്നം.27/23<br>മംഗളാംകടവ് തട്ടേക്കാട്ടുമൺ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-1)<br>അടങ്കൽതുക – 100020/-രൂ. (CFC-100000/-+ Own Fund-20/)<br>ബിൽനം.XVFC/22-23/P/21/27.12.22- 99224/- രൂ.<br>കരാറുകാരൻ - ശ്രീ.നാരായണൻ.കെ. | 88,700/- | 176/- |
| 4 | പ്രോജക്റ്റ് നം. 19/23<br>കട്ടിക്കൽ ലക്ഷ്മിപുരം എസ്റ്റേറ്റ് പ്ലാങ്കൂട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-8)<br>അടങ്കൽതുക - 100000/-രൂ. (CFC)<br>ബിൽനം.XVFC/22-23/P/30/9.1.23-99297/- രൂ.<br>കരാറുകാരൻ - ശ്രീ.ജോർജ്ജുകുട്ടി.വൈ. | 88,657/- | 177/- |
| 5 | പ്രോജക്റ്റ് നം. 18/23<br>മഠത്തിൽ ചൂളപ്പടി റോഡ് കോൺക്രീറ്റിംഗ് (വാർഡ്-11)<br>അടങ്കൽ തുക – 100000/- രൂ. (CFC)<br>ബിൽനം.XVFC/22-23/P/35/24.1.23-99509/-രൂ.<br>കരാറുകാരൻ - ശ്രീ.ജോർജ്ജുകുട്ടി.വൈ. | 88,847/- | 178/- |
| 6 | പ്രോജക്റ്റ് നം. 13/23<br>ഗാന്ധിഭവൻ ആറ്റപൂത്തൂർ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-13)<br>അടങ്കൽ തുക - 100000/-രൂ. (CFC)<br>ബിൽനം.XVFC/22-23/P/43/7.2.23-99486/-രൂ.<br>കരാറുകാരൻ - ശ്രീ.സുധീശൻ | 88,827/- | 178/- |
| 7 | പ്രോജക്റ്റ് നം. 10/23<br>അമ്പാലപ്പടി റോഡ് കോൺക്രീറ്റിംഗ് രണ്ടാം ഘട്ടം (വാർഡ്-7)<br>അടങ്കൽതുക – 100000/-രൂ. (CFC)<br>ബിൽനം.XVFC/22-23/P/19/7.2.23-99486/- രൂ.<br>കരാറുകാരൻ - ശ്രീ.നാരായണൻ.കെ. | 89,059/- | 178/- |
| 8 | പ്രോജക്റ്റ് നം. 21/23<br>മുത്തൻകാവിൽ ആലവിള റോഡ് കോൺക്രീറ്റിംഗ് രണ്ടാംഘട്ടം (വാർഡ്-15) | 89,276/- | 179/- |

| | | | |
|---|---|---|---|
| | അടങ്കൽതുക- 100010/- രൂ. (CFC-100000/- + Own Fund-10/)<br>ബിൽനം.XVFC/22-23/P/46/8.2.23-99989/-രൂ.<br>കരാറുകാരൻ - ശ്രീ.ജോർജ്ജ് ശാമുവേൽ | | |
| 9 | പ്രോജക്ട് നം. 28/23<br>പാലക്കീഴ് പന്ത്രണ്ട്പറ ഭാഗം റോഡ് കോൺക്രീറ്റിംഗ് (വാർഡ്-19)<br>അടങ്കൽ തുക - 100000/- രൂ. (CFC)<br>ബിൽനം.XVFC/22-23/P/45/24.1.23-99902/-രൂ.<br>കരാറുകാരൻ - ശ്രീ.ജോർജ്ജ് ശാമുവേൽ | 89,198/- | 178/- |
| 10 | പ്രോജക്ട് നം. 22/23<br>റഷീദ അലിൽ പടി കുന്നംപുറത്ത് വടക്കേതിൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-12)<br>അടങ്കൽ തുക - 100000/- രൂ. (CFC)<br>ബിൽനം.XVFC/22-23/P/41/24.1.23- 99845/-രൂ.<br>കരാറുകാരൻ - ശ്രീ. സത്യപാലൻ | 89,147/- | 178/- |
| 11 | പ്രോജക്ട് നം. 20/23<br>ചാക്കാലയിൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-9)<br>അടങ്കൽ തുക - 100010/-രൂ. (CFC-100000/-+ Own Fund-10/)<br>ബിൽനം.XVFC/22-23/P/38/24.1.23-94859/-രൂ.<br>കരാറുകാരൻ - ശ്രീ. സത്യപാലൻ | 88,848/- | 178/- |
| 12 | പ്രോജക്ട് നം. 14/23<br>നല്ലൂർപ്പടി ചേനങ്കര (റയാൻ പടി) റോഡ് കോൺക്രീറ്റിംഗ് (വാർഡ്-14)<br>അടങ്കൽ തുക - 100000/- രൂ. (CFC)<br>ബിൽനം.XVFC/22-23/P/47/24.1.23- 99364/-രൂ.<br>കരാറുകാരൻ – ശ്രീ. മുഹമ്മദ് അലി | 88,718/- | 177/- |
| 13 | പ്രോജക്ട് നം. 17/23<br>കല്ലുംകടവ് രാമകൃഷ്ണൻപടി റോഡ് കോൺക്രീറ്റിംഗ് (വാർഡ്-16)<br>അടങ്കൽ തുക - 100000/-രൂ. (CFC)<br>ബിൽനം.XVFC/22-23/P/25/29.12.22- 99956/-രൂ.<br>കരാറുകാരൻ- ശ്രീ. അജിത് പ്രസാദ് ജയൻ | 88,925/- | 178/- |
| 14 | പ്രോജക്ട് നം. 31/23<br>പൗവ്വത്ത് പടി റോഡ് കോൺക്രീറ്റിംഗ് (വാർഡ്-17)<br>അടങ്കൽ തുക – 100000/-രൂ. (CFC)<br>ബിൽനം.XVFC/22-23/P/34/24.1.23-99956/-രൂ.<br>കരാറുകാരൻ – ശ്രീ. അബ്ദുൾ റഹ്മാൻ.എസ്. | 88,991/- | 178/- |
| ആകെ | | | 2,687/- |

തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/19.9.23) ലഭ്യമാക്കിയ മറുപടിയിൽ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

1-29 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തീകരിച്ചില്ല. 23,680/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന് (പ്രോജക്ട് നം.234/22) വികസനഫണ്ട് (ജനറൽ)-ൽ നിന്നും 60,000/-രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. തുടർന്ന് 2022-23 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി 60,000/-രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും അടങ്കൽ വകയിരുത്തി. 2022-23 ലെ ചെലവ് 23,680/-രൂപയാണ് (ബിൽ നം.7/22-23 /29.6.2022).

1 മുതൽ 19 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് വാർഡൊന്നിന് 3,000/-രൂപ ക്രമത്തിൽ 57,000/-രൂപയും പ്രിന്റിംഗിനായി 3,000/-രൂപയും ചേർത്ത് 60,000/-രൂപ വകയിരുത്തിയത്. പദ്ധതിക്കായി ആകെ 23,680/-രൂപയാണ് ചെലവഴിച്ചത്. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/16.8.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ആർ-ട്രാക്കിന്റെ ആദ്യഘട്ടം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, മേൽ നിർദ്ദേശപ്രകാരവും, ട്രെയിനിംഗ് ക്ലാസ്സുകൾ ലഭ്യമാകുന്ന മുറയ്ക്കും മാത്രമേ പദ്ധതി പൂർത്തീകരിക്കാൻ കഴിയുകയുള്ളുവെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിനായി നടത്തിയ 23,680/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 17/16.8.23

തടസ്സപ്പെടുത്തിയ തുക – 23,680/-രൂപ

1-30 ഇ-ടെണ്ടർ ഫാറവില

ഇ-ടെണ്ടർ ഫാറ വില ഇനത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.34184687920, SBI, പത്തനാപുരം) ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (രൂപ) |
|---|---|---|
| 1 | 2018-19 | 97,800/- |
| 2 | 2019-20 | 88,907/- |
| 3 | 2020-21 | 62,480/- |
| 4 | 2021-22 | 31,500/- |
| 5 | 2022-23 | 93,943/- |
| 6 | 2023-24<br>(11-9-23 വരെ) | 13,700/- |
| ആകെ | | 3,88,330/- |

മേൽ തുകയിൽ 3,85,074/-രൂപ ചുവടെ ചേർക്കുന്ന പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

ചെക്ക് നം. 465430/13.9.2023 – 2,13,159/-

ചെക്ക് നം.465432/14.9.2023 – 1,71,915/-

-----------

ആകെ - 3,85,074/-രൂപ

ബാക്കി തുക 3,256/-രൂപ (3,88,330 - 3,85,074) അക്കൗണ്ട് കീപ്പിംഗ് ചാർജ്ജായി ബാങ്ക് ഈടാക്കിയിട്ടുള്ളതാണെന്നും, ടി തുക മടക്കി നൽകുന്നതിന് ബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതാണെന്നും, ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/13.9.23) അസി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

ടി അക്കൗണ്ടിലെ 11-9-2023-ലെ നീക്കിയിരിപ്പ് 3,90,075/-രൂപയാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന 1,745/-രൂപ (3,90,075 - 3,88,330) ഏതിനത്തിലുള്ള വരവാണെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-31 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - സമയബന്ധിതമായി പൂർത്തീകരിക്കണം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 477/17-7ൽ ഉൾപ്പെടുന്ന 02 ഏക്കർ 2.853 സെന്റ് സ്ഥലത്ത് രണ്ട് സെല്ലാർ നിലകൾ ഉൾപ്പെടെ 5 നിലകളിലായി 15325.31 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (പ്രോജക്ട് നം. 193/18). പത്തനാപുരം പട്ടണത്തിന്റെ മധ്യഭാഗത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം 2017-18 ൽ തുടങ്ങി മൂന്ന് വർഷങ്ങളിലായി പൂർത്തീകരിക്കാനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ് പദ്ധതിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്. (എഗ്രിമെന്റ് നം. 44/AE/LSGD/PTPM/18-19 തീ-5.9.2018)

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1698/2018 ത.സ്വ.ഭ.വ തീയതി 22.6.2018 പ്രകാരം, മേൽ പരാമർശിച്ച 2 ഏക്കർ 2.853 സെന്റ് സ്ഥലത്തിന്റെ ജാമ്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 21,15,00,000/-രൂപ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി. ഇതിനു പുറമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2,35,00,000/-രൂപയും ചേർത്ത് 23.5 കോടി രൂപയായിരുന്ന പദ്ധതിയുടെ പ്രാരംഭ അടങ്കൽ തുക. തുടർന്ന് നിർമ്മാണ ഘട്ടത്തിൽ പദ്ധതി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നതിനാൽ, 23.50 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ചീഫ് എൻജിനീയറുടെ 10.01.2022 ലെ CE/DB3/DB1/12493/17/CE/LSGD കത്ത് പ്രകാരം അംഗീകാരം ലഭിച്ചു. (അധിക ഇനങ്ങൾ - ഇലക്ട്രിക്കൽ പ്രവൃത്തികൾ, അഗ്നി ശമന സംവിധാനം, ലിഫ്റ്റ് സ്ഥാപിക്കൽ). ഇതിനെ തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ഗ്രാമപഞ്ചായത്ത് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടു (എഗ്രിമെന്റ് നം.05/AE/PTPM/2022-23 തീ-12.04.2022). ഇതനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ 2022 ജൂലൈയിൽ പൂർത്തീകരിക്കേണ്ടതായിരുന്നു.

കോവിഡ് 19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് ലോൺ തുക അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായതിനാൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ.ഉ (സാധാ)നം 1188/2022/ ത.സ്വ.ഭ.വ., തീയതി 10-05-2022 പ്രകാരം സർക്കാർ അനുമതി ലഭിച്ചു. കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലഭിച്ച വായ്പാത്തുക ടേക്ക് ഓവർ ചെയ്ത് തിരിച്ചടവാക്കുന്നതിനുൾപ്പെടെ 31.15 കോടി രൂപയാണ് വായ്പാത്തുകയായി അനുവദിച്ചത്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള (11.9.2023) ചെലവുകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | തുക (രൂപ) |
|---|---|---|
| 1 | 2019-20 | 7,74,71,881/- |
| 2 | 2020-21 | 6,51,52,353/- |
| 3 | 2021-22 | 39,53,197/-<br>(മുൻ വർഷ റിപ്പോർട്ടിൽ തുക 1,95,78,249/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് കൃത്യമല്ല. ടി തുകയിൽ 1,56,25,052/- രൂപ പിൻവലിച്ചിട്ടുള്ളത് 2022-23 വർഷത്തിലാണ്. ടി തുകയും ചേർന്ന തുകയാണ് 2022-23 ലെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.) |
| 4 | 2022-23 | 5,14,72,178/- |
| 5 | 2023-24 | 49,82,187/- |
| | ആകെ | 20,30,31,796/- |

പ്രസ്തുത പ്രോജക്ടിൽ കെട്ടിടത്തിന്റെ എല്ലാ തരത്തിലുമുള്ള സ്ട്രക്ചറൽ വർക്കുകളാണ് ഉൾപ്പെടുത്തിയിരുന്നത് (പ്ലാസ്റ്ററിംഗ്, സെൻട്രൽ ആട്രിയം റൂഫിംഗ്, ഫ്ലോർ ടൈലിംഗ്, പ്ലംബിംഗ്, ഫ്രണ്ട് യാർഡ് ഡവലപ്മെന്റ്, ഫയർ ടാങ്ക്, റാമ്പ്, സ്റ്റെയർ കേയ്സ്, ഹാൻഡ് റെയിൽ Etc.). കൂടാതെ, കോമൺ ഇലക്ട്രിക്കൽ വർക്സ്, ഫയർ ഫൈറ്റിംഗ് വർക്സ്, ലിഫ്റ്റ് 3 എണ്ണം സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ സാനിട്ടറി ഫിറ്റിംഗ്സ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ഫയർ പൈപ്പ് ലൈൻ സ്ഥാപിക്കൽ 80% പൂർത്തീകരിച്ചു. മൂന്നു ലിഫ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ടെസ്റ്റിംഗും, കമ്മീഷണിംഗും ചെയ്യേണ്ടതായിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിനു പുറമെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കി വരുന്നുണ്ട്.

പ്രോജക്ട് നം. 212/23 (213/24) - ഷോപ്പിംഗ് മാൾ അധിക പ്രവൃത്തികൾ എന്ന പദ്ധതിയിലുൾപ്പെടുത്തി 3 തിയേറ്ററുകളുടെ പൂർത്തീകരണം, ടൈൽ വർക്സ് പൂർത്തീകരണം, ഗ്ലാസ്സ് പാർട്ടീഷൻ വർക്സ് മുതലായവയ്ക്കായി 3 കോടി രൂപ അടങ്കൽ വകയിരുത്തി (വായ്പ). ഇതിന്റെ ചെലവ് 2023-24 വർഷമാണ് നടന്നിട്ടുള്ളത്. തുക 1,89,41,028/-രൂപ.

പ്രോജക്ട് നം. 138/23 (209/24) – ഷോപ്പിംഗ് മാൾ അവസാനഘട്ട പ്രവൃത്തികൾ എന്ന പദ്ധതിയിലുൾപ്പെടുത്തി ടൈൽ വർക്സ് പൂർത്തീകരണം, ടെറസ്സ് ടോപ്പ് ഫ്ലോട്ടിംഗ് കോട്ട് പ്ലാസ്റ്റർ, റൂഫ് ഡ്രെയിനേജ് ലൈൻ, കണക്റ്റിംഗ് ബ്രിഡ്ജ്, റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക്, സെക്കന്റ് ഫ്ലോർ ടോയിലറ്റ് വർക്സ് മുതലായവയ്ക്കായി 5 കോടി രൂപ അടങ്കൽ വകയിരുത്തി (വായ്പ). ഇതിന്റെ ചെലവ് ഇനത്തിൽ 36,39,056/-രൂപയുടെ ബിൽ തയ്യാറാക്കി സെക്രട്ടറിക്ക് 4-9-23 ൽ സമർപ്പിച്ചുവെങ്കിലും തുക പിൻവലിച്ചിട്ടില്ല.

കൂടാതെ, പ്രോജക്ട് നം. 135/23- Pump And Allied Work-അടങ്കൽ- 36,00,000/-(വായ്പ), പ്രോജക്ട് നം. 136/23- Fire Hydrant Alarm System- അടങ്കൽ- 97,00,000/-(വായ്പ), പ്രോജക്ട് നം. 100/23-High Tension Side Installation Work-അടങ്കൽ- 86,00,000/-(വായ്പ), പ്രോജക്ട് നം. 286/23-Low Tension Side Electrification-അടങ്കൽ- 90,80,000/-(87,00,000/-വായ്പ +,3,80,000/- Plan Fund), പ്രോജക്ട് നം. 258/23- External Work-അടങ്കൽ- 30,00,000/-(വായ്പ), പ്രോജക്ട് നം. 259/23- Internal Work Completion- അടങ്കൽ- 25,00,000/-(വായ്പ) എന്നീ പ്രോജക്ടുകളും നടപ്പാക്കി വരുന്നുണ്ടെങ്കിലും ആയതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഇത്തരത്തിൽ നാളിതുവരെ 22,19,72,824/-രൂപ (20,30,31,796 + 1,89,41,028) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. 75% പണികൾ പൂർത്തീകരിച്ചിട്ടുള്ളതായി അസി.എഞ്ചിനീയർ, LSGD വിശദീകരിച്ചിട്ടുണ്ട്.

കെ.എഫ്.സി-യിൽ നിന്നുള്ള വായ്പയുടെ പലിശ ഇനത്തിൽ 2022 ജൂലൈ മുതൽ 2023 ആഗസ്റ്റ് വരെ പ്രതിമാസ തവണകളായി ചുവടെ ചേർക്കും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | മാസം | ഒടുക്കിയ പലിശ (രൂപ) |
|---|---|---|
| 1 | 7/22 | 10,49,055/- |
| 2 | 8/22 | 10,49,010/- |
| 3 | 9/22 | 10,15,170/- |
| 4 | 10/22 | 13,15,537/- |
| 5 | 11/22 | 14,59,382/- |
| 6 | 12/22 | 15,08,029/- |
| 7 | 1/23 | 15,09,061/- |
| 8 | 2/23 | 13,62,090/- |
| 9 | 3/23 | 15,08,029/- |
| 10 | 4/23 | 14,60,415/- |
| 11 | 5/23 | 15,08,529/- |
| 12 | 6/23 | 15,41,114/- |
| 13 | 7/23 | 16,77,084/- |
| 14 | 8/23 | 18,69,614/- |

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട സപ്ലിമെന്ററി കരാർ (എഗ്രിമെന്റ് നം.05/AE/PTPM/2022-23 തീ-12.04.2022) പ്രകാരം നിർമ്മാണ പ്രവൃത്തികൾ 2022 ജൂലൈയിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള പലിശ ഇനത്തിലുള്ള തിരിച്ചടവ് പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ ഗുരുതരമായി ബാധിക്കാനിടയുണ്ട്. നിലവിലെ സ്ഥിതി തുടർന്നാൽ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനും, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനും ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും. പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച്, ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ഗ്രാമപഞ്ചായത്തിന് വരുമാനം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. (2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13, 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24 എന്നിവ കൂടി കാണുക.)

## 1-32 തനത് വരുമാനം - അവലോകനം

### വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത

മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല. അതുമൂലം നികുതി നഷ്ടമുണ്ടാകുന്നു. (ഖണ്ഡിക 1-16 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നികുതി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 11.05.2023-ലെ 7/1-ാം നമ്പർ തീരുമാനമായി ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണസമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

5. വിനോദ നികുതി

വിനോദ നികുതി നിലവിൽ ഈടാക്കുന്നുണ്ട്.

6. തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അതുപ്രകാരം സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഖണ്ഡിക 1-14 എന്നിവയിൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്.)

7. വാടക

പത്തനാപുരം ടൗണിന്റെ ഹൃദയഭാഗത്ത് പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 477/17-7 ൽ ഉൾപ്പെടുന്ന 02 ഏക്കർ 2.853 സെന്റ് സ്ഥലത്ത് രണ്ട് സെല്ലാർ നിലകൾ ഉൾപ്പെടെ 5 നിലകളിലായി 15325.31 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് 2017-18 വർഷ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 193-ാം നമ്പരായി ആവിഷ്കരിച്ച പദ്ധതിയാണ് ഷോപ്പിങ് കോംപ്ലക്സ് നിർമാണം. 2017-18 ഉൾപ്പെടെ മൂന്ന് പദ്ധതി വർഷങ്ങളിലായി പൂർത്തീകരിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ നാളിതുവരെ

ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് സാധിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ എടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. നിലവിൽ ലോണിന്റെ പലിശയുടെ തിരിച്ചടവിനായി പ്രതിമാസം 20 ലക്ഷം രൂപവരെ പഞ്ചായത്തിന് ചെലവാകുന്നു. കാലവിളംബം കൂടാതെ നിർമ്മാണം പൂർത്തീകരിച്ച്, വാണിജ്യസമുച്ചയത്തിനെ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസായി മാറ്റുന്നതിനാവശ്യമായ ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-33 ഹരിതകർമ്മ സേന – പ്രവർത്തനാവലോകനം

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2022 ജൂലൈ മുതലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. അതിൽ 13 വാർഡുകളിലായി 30 അംഗങ്ങളുണ്ട്. 6 വാർഡുകളിൽ അംഗങ്ങൾ ഇല്ല. 19 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന് രജിസ്റ്ററുകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.
യൂസർഫീയായി 2022-23 ൽ 9,34,655/-രൂപയാണ് ഹരിത കർമ്മസേനയ്ക്ക് ലഭ്യമായിട്ടുള്ളത്. പ്ലാസ്റ്റിക്ക് വിറ്റയിനത്തിൽ 1,46,964/-രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും അംഗങ്ങൾക്ക് 9,73,457/-രൂപ വേതനമായി നൽകിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്.

യൂസർ ഫീ വർധിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, വീട്ട വീടാന്തരം നോട്ടീസ് വിതരണം എന്നിവ നടപ്പിലാക്കി. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും വ്യക്തി വിവരങ്ങൾ അടങ്ങിയ ഹരിതകർമ്മസേനാ ഐ ഡി കാർഡ് പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്.

പ്ലാസ്റ്റിക് ഉൾപ്പടെയുള്ള വിവിധ ഇനം അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി സർക്കാർ പുറത്തിറക്കിയിരിക്കുന്ന കലണ്ടർ പ്രകാരം ശേഖരണം നടത്തുവാൻ ഇതുവരെയും സാധിച്ചിട്ടില്ല. ആയതിനാൽ ഐ.ആർ.റ്റി.സി പ്രിന്റ് ചെയ്ത് ഗ്രാമപഞ്ചായത്തിൽ മുഴുവൻ വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ജനപ്രതിനിധികൾ, ചുമതലയുള്ള ഉദ്യോഗസ്ഥർ, ഹരിത കേരള മിഷൻ പ്രതിനിധികൾ, കരാറിൽ ഏർപ്പെട്ടിട്ടുള്ള ഹരിത സഹായ സ്ഥാപനം കോ-ഓർഡിനേറ്റർ ഹരിതകർമ്മസേനാ ഭാരവാഹികൾ എന്നിവരുടെ യോഗം അടിയന്തരമായി കൂടി കലണ്ടർ പ്രകാരമുള്ള പ്രവർത്തനം ആരംഭിക്കുവാനും തീരുമാനം എടുത്തിട്ടുണ്ട്.



തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും ഹരിതകർമ്മസേന അംഗങ്ങളെ നിയോഗിക്കണം.

2. ഇനിയും ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. "മാലിന്യമുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

5. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

6. നിലവിൽ MCF ൽ മാലിന്യങ്ങൾ കുന്നുകൂടിയ അവസ്ഥയാണ്. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന ഏജൻസി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

| ഹരിതകർമ്മ സേന – യൂസർ ഫീ കളക്ഷൻ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നം | മാസം | യൂസർ ഫീ (രൂപ) | ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിച്ച ശരാശരി വേതനം (രൂപ) |
| 1 | ജൂൺ 2022 | 53,850/- | 1,462/- |
| 2 | ജൂലൈ 2022 | 79,700/- | 2,664/- |
| 3 | ആഗസ്റ്റ് 2022 | 94,450/- | 3,616/- |
| 4 | സെപ്തംബർ 2022 | 1,05,300/- | 5,257/- |
| 7 | ഒക്ടോബർ 2022 | 1,37,980/- | 6,195/- |
| 8 | നവംബർ 2022 | 1,23,430/- | 5,941/- |
| 9 | ഡിസംബർ 2022 | 1,09,250/- | 5,669/- |
| 10 | ജനവരി 2023 | 1,02,670/- | 5,354/- |
| 11 | ഫെബ്രുവരി 2023 | 1,03,460/- | 5,852/- |
| 11 | മാർച്ച് 2023 | 1,16,565/- | 5,852/- |

1-34 സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1) ലൈഫ് ഭവന പദ്ധതിയുടെ ലോണിനത്തിലും ഷോപ്പിംഗ് മാൾ നിർമ്മാണത്തിനുള്ള ലോണിനത്തിലും ഗ്രാമപഞ്ചായത്തിന് ചുവടെ സൂചിപ്പിക്കും പ്രകാരമുള്ള തുക തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ ലോൺ ബാധ്യത കുറവായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ലോണിനം | മുന്നിരിപ്പ് (രൂപ) | തൻവർഷം വരവ് (രൂപ) | ആകെ (രൂപ) | ഒടുക്കിയ തുക (രൂപ) | ബാക്കി (രൂപ) | വാർഷിക ധനകാര്യ പത്രിക പ്രകാരം (രൂപ) | അഭിപ്രായം |
|---|---|---|---|---|---|---|---|
| ലൈഫ് KURDFC | 1,34,79,335/- | 0 | 1,34,79,335/- | 13,00,314/- | 1,21,79,021/- | 12,48,72,994/- | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഷോപ്പിംഗ് മാൾ KFC | 11,76,30,867/- | 5,14,72,178/- | 16,91,03,045/- | 1,12,14,640/-രൂപ പലിശ ഒടുക്കി | 16,91,03,045/- | 5,14,72,178/- | മുൻബാക്കി 11,29,04,462/- രൂപയാണ്, എന്നാൽ 06/22-ൽ കെ.എഫ്.സി ലോൺ ടേക്ക് ഓവർ ചെയ്തിരിക്കുന്നത് ടി തുകയ്ക്കാണ്. |
| | | | | ആകെ | 18,12,82,066/- | 17,63,45,172/- | |

ലോൺ ബാധ്യത തുക കൃത്യമായി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതും വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ കാലികമായി ഉൾപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

2) ലൈഫ് ഭവന പദ്ധതിയ്ക്കായി ലഭിച്ച ലോൺ തുകയിൽ മുൻബാക്കി ഇനത്തിലേയും തൻവർഷം ഭവനനിർമ്മാണത്തിനായി വി ഇ ഒ മുഖേന ചെലവഴിക്കപ്പെട്ടതിന് ശേഷം അവശേഷിക്കുന്ന തുകകളുടെയും വിശദാംശം രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വികസനഫണ്ടിൽ നിന്നും അധിക ചെലവ് നടത്തി.

ഉറവിട മാലിന്യ സംസ്കരണം വീട്ടുകളിൽ ബയോബിൻ സ്ഥാപിക്കൽ - എന്ന പദ്ധതി പ്രകാരം വികസനഫണ്ടിനാനുപാതികമായി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃവിഹിതം പൂർണ്ണമായും പിരിച്ചെടുക്കാതെ ആയതുകൂടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. 2022-23 ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ 34,200/-രൂപ കൂടി ബയോബിൻ വിതരണ ഏജൻസിയായ IRTC യ്ക്ക് ഒടുക്ക് വരുത്തിയപ്പോൾ വിതരണം നടത്തിയ ബയോബിന്നുകളുടെ വിലയിൽ നിന്നും കൂടുതലായി തുക ചെലവാക്കിയതായും വ്യക്തമായി.

വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം – 44/23, ഉറവിട മാലിന്യ സംസ്കരണം – വീട്ടുകളിൽ ബയോബിൻ സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഫണ്ട് അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4,50,000/-രൂപ,

ഗുണഭോക്തൃവിഹിതം - 1,26,000/-രൂപ

ചെലവ് - 4,48,740/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

1) ബിൽ നം – 74/22- 23/19-02-23; 72,000/-

2) ബിൽ നം – 78/22- 23/13-03-23; 2,52,000/-

3) ബിൽ നം – 80/22- 23/13-03-23; 27,720/-

4) ബിൽ നം – 103/22- 23/19-02-23; 97,020/-

5) 34,200/-ചെക്ക് നം – 6776323/16-08-22 (ഗുണഭോക്തൃവിഹിതം)

277 ഗുണഭോക്താക്കൾക്കായി തൻവർഷം തുക വകയിരുത്തിയ പദ്ധതി പ്രകാരം 1,800/-രൂപ നിരക്കിലുള്ള ഒരു ബയോബിന്നിന് 1,620/-രൂപ വികസനഫണ്ടിൽ നിന്നും സബ്സിഡിയും 180/-രൂപ ഗുണഭോക്തൃവിഹിതവും ആയിരുന്നു. 277 ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പൂർണ്ണമായും

ചെലവഴിച്ചിട്ടുണ്ട് (277 X 1620). എന്നാൽ 190 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം മാത്രമാണ് IRTC യിലേയ്ക്ക് ഒടുക്ക് വരുത്തിയിരുന്നത് (180 X 190 = 34,200/-). 87 ഗുണഭോക്താക്കളുടെ വിഹിതം ഒടുക്ക് വരുത്തിയിട്ടില്ലാത്തതിനുള്ള വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ " 2019-20 മുതൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ബയോബിൻ സ്ഥാപിക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ചിരുന്നുവെന്നും 2020-21 ൽ 500 ബിന്നുകൾ വിതരണം നടത്തിയതിനായി 8,10,000/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം റോട്ടറി ക്ലബ് നൽകാമെന്ന് ഭരണസമിതിയുമായി ധാരണ ഉണ്ടായിരുന്നതായും എന്നാൽ പിന്നീട് അവർ അതിൽ നിന്നും പിൻമാറിയതിനാൽ ഗുണഭോക്തൃവിഹിതം ഒടുക്കുവാൻ സാധിച്ചില്ലെന്നും 2022-23 ൽ ഒടുക്കിയ 34,200/-രൂപ മാത്രമാണ് ഗുണഭോക്തൃവിഹിതമിനത്തിൽ ആകെ ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി ഗുണഭോക്തൃവിഹിതം ലഭിക്കുന്ന മുറയ്ക്ക് ഒടുക്ക് വരുത്തുന്നതുമാണെന്നും "നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി (13.09.23) ലഭ്യമാക്കി. പദ്ധതിയുടെ 2019-20 സാമ്പത്തിക വർഷം മുതലുള്ള ചെലവ് വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ ആകെ നടത്തേണ്ട ചെലവിൽ നിന്നും അധികമായി പണം IRTC യ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമായി.

ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളെ സമ്പൂർണ ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി 1892 കുടുംബങ്ങൾക്ക് 1,800/-രൂപ വിലയുള്ള ബയോബിൻ വാങ്ങുന്നതിനാണ് "ഉറവിട മാലിന്യ സംസ്കരണം – വീടുകളിൽ ബയോബിൻ" എന്ന പദ്ധതി നടപ്പിലാക്കിയത്.

2019-20 മുതൽ നാളിതുവരെയുള്ള പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നം | ഫണ്ട് അടങ്കൽ ₹ | | | | ചെലവ് ₹ | | | |
|---|---|---|---|---|---|---|---|---|---|
| | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | ഗുണഭോക്തൃ വിഹിതം |
| 2019-20 | 230/20 | 20,42,478/- | 10,21,680/- | 882/- | 3,40,560/- | 0 | 0 | 0 | 0 |
| 20-21 | 201/21 | 120,4,600/- | 10,21,680/- | 882/- | 3,40,560/- | 4,05,000/- | 4,05,000/- | 0 | 0 |
| 21-22 | 189/22 | 4,50,000/- | 6,16,680/- | 882/- | 3,40,560/- | 0 | 0 | 0 | 0 |
| 22-23 | 44/23 | 4,50,000/- | 0 | 0 | 1,26,000/- | 4,48,740/- | 0 | 0 | 34,200/- |

2020-21 ൽ ചെലവഴിച്ച 8,10,000/-രൂപയും 2022-23 ൽ ചെലവഴിച്ച 4,48,740/-രൂപയും ഉൾപ്പെടെ ആകെ 12,58,740/-രൂപ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 34,200/-രൂപ ഗുണഭോക്തൃവിഹിതമായും ഒടുക്കിയിട്ടുള്ളതിനാൽ ആകെ ചെലവ് 12,92,940/-രൂപയാണ്. ഇൻവോയ്സ് നം - 167/19-20/23-03-20 പ്രകാരം 300 എണ്ണവും ഇൻവോയ്സ് നം-ബി2-ബി 375/24-03-21പ്രകാരം 200 എണ്ണവും ഇൻവോയ്സ് നം - ബി2-ബി 425/03-03-23 പ്രകാരം 200 എണ്ണവും ഉൾപ്പെടെ ആകെ 700 എണ്ണം ബയോബിന്നുകൾ വിതരണം നടത്തിയിട്ടുണ്ട്.

700 എണ്ണം ബയോബിന്നുകൾക്കായി ചെലവഴിക്കേണ്ടിയിരുന്ന തുക ചുവടെ പറയും പ്രകാരമാണ്.

| പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം ₹ | ആകെ ഒടുക്കേണ്ടിയിരുന്ന തുക ₹ |
|---|---|---|
| 700 X 1620 = 11,34,000/- | 700 X 180 = 1,26,000/- | 700 X 1800 = 12,60,000/- |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി 1,24,740/-രൂപ (12,58,740 – 11,34,000) ഗുണഭോക്തൃവിഹിതമായി നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ആകെ 12,60,000/-രൂപ നൽകുന്നതിനു പകരമായി 12,92,940/-രൂപ നൽകിയതിലൂടെ 32,940/-രൂപ IRTC യ്ക്ക് അധികമായി നൽകിയിട്ടുമുണ്ട്. 2022-23 ൽ 277 ബയോബിന്നുകൾ വിതരണം നടത്തിയിട്ടുള്ളതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതമായി ഒടുക്ക് വരുത്തേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി ചെലവഴിച്ച 1,24,740/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. 700 ബയോബിന്നുകളുടെ വിലയായി നൽകേണ്ട 12,60,000/-രൂപയേക്കാൾ കൂടുതൽ നൽകിയ 32,940/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബയോബിൻ വിതരണ ഏജൻസിയായ IRTC യിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 07/13-09-23

തടസ്സപ്പെടുത്തിയ തുക – 1,24,740/- രൂപ

നിരാകരിച്ച തുക – 32,940/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-23 | 12-09-2023, 15-09-2023, 18-09-2023 | കെ.എസ്.എ/കെ.എൽ.എം/പി.9/1673/23, തീയതി – 21.10.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,46,000/- | ലൈഫ് ജനറൽ – 49/23 | 3,46,000/- | 0 |
| | | 4,54,500/- | ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 207/23 | 4,54,500/- | 0 |
| | | 1,11,729/- | പാലിന് സബ്സിഡി (ജനറൽ) പ്രോജക്ട് നമ്പർ -137/23 | 1,11,729/- | 0 |
| | | 9,12,229/- | ആകെ | 9,12,229/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | ലൈഫ് (SCP) – 159/23 | 2,00,000/- | 0 |
| | | 9,80,000/- | ലൈഫ് ജനറൽ – 158/23 | 9,80,000/- | 0 |
| | | 86,814/- | അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നമ്പർ – 57/23 | 86,814/- | 0 |
| | | 1,62,000/- | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ – 207/23 (സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല) | 1,62,000/- | 0 |
| | | 14,28,814/- | ആകെ | 14,28,814/- | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായും/മുൻകൂർ വിഹിതമായും തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | നിർവഹണ ഏജൻസി | ബിൽനം/ ചെക്ക് നം. മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| 1 | 283/2022-23<br>പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണം<br>അടങ്കൽ-രൂപ – 11,42,000/-(CFC )<br>ചെലവ് - 11,42,000/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ACR ബിൽ നം 250/07-02-2023= 11,42,000/- |
| 2 | 02/23<br>പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ- രൂപ 30,000/-(CFC )<br>ചെലവ് - 2,84,725/-രൂപ | കെ.എസ്.ഇ. ബി | ACR ബിൽ നം<br>271/15-02-2023 = 47,161/-<br>275/16-02-2023 = 26,117/- |

| | | | |
|---|---|---|---|
| | | | 316/28-02-2023 = 37,857/-<br>333/14-03-2023 = 54,241/-<br>332/14-03-2023 = 1,19,349/- |
| 3 | 40/2022-23<br>പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുഴൽ കിണർ നിർമ്മാണം<br>അടങ്കൽ-രൂപ – 10,19,000/-(CFC )<br>ചെലവ് - 10,03,783/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 09/13-07-2023 = 10,03,783/- |
| 3 | 41/2022-23<br>കുഴൽ കിണർ പമ്പ് സെറ്റ് സ്ഥാപിക്കൽ<br>അടങ്കൽ-രൂപ – 2,05,000/-(CFC )<br>ചെലവ് - 2,00,000/-രൂപ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 39/13-02-2023 = 2,00,000/- |
| | ആകെ – 26,30,508/- | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

1) ലൈഫ് ലോണിന്റെ മുൻബാക്കി തുകയിൽ തൻവർഷം അവശേഷിച്ചിരിക്കുന്ന തുകയുടെ വിവരം ലഭ്യമല്ല. മുൻ സാമ്പത്തിക വർഷം ഷോപ്പിംഗ് മാൾ ലൈഫ് ലോൺ തുകയുടെ ബാധ്യതയായി ഉൾപ്പെടുത്തിയിരുന്നത് 12,63,83,797/-രൂപയാണ്. (ഖണ്ഡിക 1-34 കൂടി കാണുക)

2) ഓഡിറ്റ് വർഷം പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് വായ്പയിനത്തിൽ ലഭിച്ച 5,14,72,178/-രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ ലോൺ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, KURDFC-യിൽ നിന്നും ഏറ്റെടുക്കുന്നത് 06/22 ലാണ്. ടി കാലയളവിൽ ഒടുക്കാൻ ബാക്കി നിന്ന 11,55,04,286/-രൂപയോടൊപ്പം 59,000/-രൂപ സെന്റേജ് ചാർജ്ജും 20,67,581/-രൂപ ലോൺ പ്രോസ്സസ്സിംഗ് ഫീ കൂടി ഉൾപ്പെടുത്തി ആകെ 11,76,30,867/-രൂപയാണ് KFC മുൻബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്നതെന്നാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയ KFC യുടെ ലോൺ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി ലോൺ (ലൈഫ്) | ജി.ഒ(എം.എസ്) 111/18/13-08-2018 | 0 | 1,34,79,335/- | 13,00,314/- | 0 | 1,21,79,021/- |
| ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ (സാധാ) നം 1188/2022 /ത.സ്വ.ഭ.വ 10/05/2022 | 5,14,72,178/- | 11,76,30,867/- | 0 | 1,12,46,868/- | 16,91,03,045/- |

## 4-6 സ്ഥിര നിക്ഷേപം

തൻവർഷം ചുവടെ പറയുന്ന രീതിയിൽ സ്ഥിരനിക്ഷേപം ഗ്രാമപഞ്ചായത്തിന് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ മുൻബാക്കിയായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയിരിക്കുന്ന തുക 31,14,416/-രൂപയാണ്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 33,70,161/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 33,70,161/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33,70,161/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ രസീതി നം -0071653 | 10-03-2023 | 91 ദിവസം | 1,93,315/- | 09-12-2022 മുതൽ 91 ദിവസ കാലയളവിലേയ്ക്കുള്ള പലിശ നിക്ഷേപത്തോടൊപ്പം കൂട്ടാതെ ഡി.സി.ബി തനത്ഫണ്ട് അക്കൗണ്ട് ന -3 ൽ ക്രഡിറ്റ് ആക്കുകയാണ്. |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ രസീതി നം -0071651 | 10-03-2023 | 91 ദിവസം | 9,82,668/- | |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ രസീതി നം – 0071652 | 10-03-2023 | 91 ദിവസം | 21,94,178/- | |
| | | ആകെ | 33,70,161/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24,590/-രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2000-2001 | 2-4 | 160/- | ആനന്ദ് ടി, സെക്രട്ടറി | 1220106593/31.12.22 |
| 2001-02 | 3-2 | 880/- | ആനന്ദ് ടി, സെക്രട്ടറി | 1220106593/31.12.22 |
| 2002-03 | 3-1 | 960/- | ആനന്ദ് ടി, സെക്രട്ടറി | 1220106593/31.12.22 |
| 2019-20 | 1-25 (2) | 7,342/- | അബ്ദുൾ റഹിമാൻ അഫ്സൽ, മൻസിൽ | 1220105101/13.12.22 |
| 2019-20 | 1-25 (1) | 7,458/- | അബ്ദുൾ റഹിമാൻ അഫ്സൽ, മൻസിൽ | 1220105103/13.12.22 |
| | ആകെ | 16,800/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 32,940/- | ശ്രീ. എസ്. സുരേഷ് കുമാർ, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 40,000/- | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |
| 1-22 | 3,71,106/- | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |
| 1-23 | 26,80,508/- | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |
| 1-24 | 2,000/- | ശ്രീ. എം. എസ്. സുരേഷ് ബാബു, സെക്രട്ടറി |
| 1-25 | 1,24,740/- | ശ്രീ. എസ്. സുരേഷ് കുമാർ, വി.ഇ.ഒ |
| 1-27 | 2,03,525/- | ഡോ. പ്രീത നായർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-29 | 23,680/- | ശ്രീ രാജീവ് ആർ, അസി. എഞ്ചിനീയർ |
| ആകെ | 34,45,559 /- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജീവ് ആർ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>പത്തനാപുരം ഗ്രാമപഞ്ചായത്ത് | രാധാ മന്ദിരം,<br>പ്ലാച്ചേരി പി.ഓ,<br>കലയനാട് |
| ശ്രീ. എം എസ് സുരേഷ് ബാബു,<br>സെക്രട്ടറി | വിരമിച്ചു | പള്ളിശ്ശേരി വീട്, (സ്വാതി)<br>ടിബി ജംഗ്ഷൻ,<br>കൊട്ടാരക്കര |
| ശ്രീ. എസ്. സുരേഷ് കുമാർ,<br>വി.ഇ.ഒ | വി.ഇ.ഒ<br>മേലില ഗ്രാമപഞ്ചായത്ത് | ശിവതീർത്ഥം, ഇളമ്പൽ പി ഒ,<br>പുനലൂർ, കൊല്ലം |
| ഡോ. പ്രീത നായർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ ഡിസ്പെൻസറി<br>പത്തനാപുരം ഗ്രാമപഞ്ചായത്ത് | ലക്ഷമി ഭവൻ,<br>കല്ലുമല,<br>പുനലൂർ |

4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-1983 | എൽ.എഫ്.ക്യൂ.പി3/312/1996 | |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 51 (44, 48, 49 വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 2-14 (2(12), 2(13), 2-(20), 2(21), 2(22), 2(23)<br>വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / 02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ<br>എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |

| | | |
|---|---|---|
| | | (2.3, 2.4, 2.7 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീ 02.03.2018 | 2.3,2.4, 3.1,3.4, 3.10, 3.13 (3.2, 3.8, 3.9, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 2.2, 2.3, 2-5, 3.3, 3.6, 3.7. (2-1 3.10, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ്എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 2-3,2-4,3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 /തീ. 02.03.2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീ. 02.03.2018 | 2.2, 3.3, 3.8, 3.11, 3.12, 3.13, 3.15, 3.16, 3.18, 3.21 (3.4,3.5,3.14, 3.17, വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യൂ പി6//810/2018 / 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യൂ പി6/458/2010 / 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യൂ പി6/939/2011 / 29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യൂ പി6/1076/2012 / 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യൂ പി6/1913(2)/2014 / 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 & 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12, 12-13/121/22 / 23-08-22 | 17 |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12,12-13/121/22;23-08-22. | 21 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2015-16/121/22 / 23-08-22 | 22 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017 / 16.05.2018 | എല്ലാ ഖണ്ഡികകളും |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം.പി9/607/19 / 03-06-2019 | 6 |
| 2018-2019 | കെ.എസ്.എ.കെ.എൽ.എം.പി9/312/20 / 09/07/2021 | 1-33 ഒഴിച്ചുള്ള എല്ലാ ഖണ്ഡികകളും |
| 2019-2020 | കെ.എസ്.എ.കെ.എൽ.എം.പി9/80/22 / 30/06/2022 | എല്ലാ ഖണ്ഡികകളും |
| 2020-2021 | കെ.എസ്.എ.കെ.എൽ.എം.പി9/1056/22 / 23/07/2022 | എല്ലാ ഖണ്ഡികകളും |
| 2022-2022 | കെ.എസ്.എ.കെ.എൽ.എം.പി9/166/23/ 01/04/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 09-06-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pathanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pathanapuram Grama Panchayat for the year 2022-2023

Date: 03/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Pathanapuram Grama Panchayat for the Year 2022-2023.

**1.Major Observations**

Actual loan liability does not match with B-5 Schedule in Balance Sheet as on 31-03-2023.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit :-
Ratios.
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Demand Register of property tax does not match with financial statements.
4. Actual grants recieved during the FY mismatch with AFS.
5. Lack of authenticated journal vouchers supporting the adjustment entries.
6. State share receipt adjusted in wrong head.
7. Actual receipts with respect of Health Grant does not match with AFS-RP-30 Schedule.
8. Receipts not journalised in Liability head.
9. Advance Register, Deposit Register, Loan Register, Investment Register and Asset Registers are not maintained.
10. All Tax And Non Tax demand Registers are not periodically reconcilled with Accounts.
11. Investment details as per the balance sheet mismatch with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്